# 4

## പാഠഭാഗങ്ങളിലൂടെ

## - 1 -

# മണ്ണും മഴയും

മലയാളിയും മലയാളവും, കേരളീയനും കേരളവും മാറിയിരിക്കുന്നു. 'പാടും പുഴകളും തോടും - മോടി കൂടും മലരണിക്കാടും' കൊണ്ടു സമൃദ്ധമായ കേരളം ഇന്ന് മിക്കവാറും വരികളിൽ മാത്രമായി ചുരുങ്ങിയിരിക്കുന്നു. മനുഷ്യനെ എന്നും ആനന്ദിപ്പിക്കുകയും അൽഭുതപ്പെടുത്തുകയും ചെയ്യുന്ന മനോഹരമായ പ്രകൃതിപ്രതിഭാസങ്ങളാണ് വനഭംഗികളും മഴയും ജലസ്രോതസ്സുകളുമെല്ലാം. വരുംതലമുറകൾക്ക് അന്യമാവുന്ന തരത്തിൽ ഇവ ഇല്ലാതായിക്കൊണ്ടിരിക്കുന്നു. എന്തുകൊണ്ടിങ്ങനെ സംഭവിക്കുന്നു?

മനുഷ്യന്റെ ദുരമൂത്ത പ്രവൃത്തിയല്ലാതെ മറ്റെന്താണ് കാരണം?

പ്രകൃതിപ്രതിഭാസങ്ങളെ സ്നേഹാദരങ്ങളോടെയും സുഹൃദ്ഭാവത്തോടെയും കാണാനും ഇടപെടാനും മനുഷ്യൻ തയാറാവുമ്പോഴേ ഈ ദുഃസ്ഥിതിക്ക് അറുതിവരൂ. മനുഷ്യൻ പ്രകൃതിയോടുകാട്ടുന്ന ക്രൂരതകളെ മാനവികതാബോധത്തോടെ യുക്തിപൂർവ്വം വിമർശിക്കാനും ശരിയുടെ പാത തെരഞ്ഞെടുക്കാനുമുള്ള തന്റേടം കുട്ടികൾക്കുണ്ടാകണം. സ്ഥലജലമാനേജ്മെന്റിന്റെ കാര്യത്തിൽ ഇന്നലെയും ഇന്നും നിലനിന്ന അശാസ്ത്രീയതകളെ തുടച്ചുനീക്കാൻ ഇങ്ങനെ മാത്രമേ കഴിയൂ. ഇതിനു സഹായകമായ വായനയും പുനർവായനയുമാണ് നാലു പാഠഭാഗങ്ങളിലൂടെ 'മണ്ണും മഴയും' എന്ന യൂണിറ്റ് മുന്നോട്ടുവെക്കുന്നത്.

വനനശീകരണം സകല ജീവജാലങ്ങളുടെയും നിലനിൽപ് അപകടത്തിലാക്കും എന്ന ആശയം ആവിഷ്ക്കരിക്കുന്നതാണ് ആഫ്രിക്കൻ നാടോടിക്കഥയുടെ പുനരാഖ്യാനമായ 'ഹൃദയത്തിലെ പൂന്തോപ്പ്'. 'മഴ കണ്ട കുട്ടി' എന്ന കവിത മഴയെ കുട്ടിയുടെ അനുഭവമണ്ഡലത്തിൽനിന്നുകൊണ്ട് ഭാവതീവ്രമായി അവതരിപ്പിക്കുന്നു. മലയാളിയുടെ ജീവിതത്തെ ഏറെ സ്വാധീനിക്കുന്ന മഴയനുഭവങ്ങളെ ആർദ്രമായി ആവിഷ്ക്കരിക്കുന്നതാണ് 'ഒരു വെള്ളപ്പൊക്കത്തിന്റെ ഓർമ' എന്ന അനുഭവവിവരണം. സ്വാർത്ഥതയോടെയും വിവേകമില്ലാതെയും ചെയ്യുന്ന പ്രവൃത്തികൾ കുടിവെള്ളം മുട്ടിക്കുന്നു എന്ന ദുരന്തം വിഷയമാക്കിയ കഥയാണ് 'ഒടുക്കത്തെ ഉറവ'.

# ഹൃദയത്തിലെ പൂന്തോപ്പ്

ജീവികളുടെ ആവാസകേന്ദ്രമായ വനം സംരക്ഷിക്കപ്പെടേണ്ടതാണെന്ന ധാരണ കുട്ടികളിലുണ്ടാകുന്നതിനു സഹായകമാകുന്ന ഒരു പാഠസാമഗ്രിയാണ് 'ഹൃദയത്തിലെ പൂന്തോപ്പ്' എന്ന കഥ. കഥയിലൊരിടത്തു പറയുന്നതുപോലെ 'വനം നശിച്ചാൽ എല്ലാം നശിക്കും. നമ്മുടെ സൗഭാഗ്യങ്ങളെല്ലാം നഷ്ടമാകും' എന്ന തിരിച്ചറിവിലേയ്ക്ക് കുട്ടിയെ എത്തിക്കാനുള്ള പഠനാനുഭവങ്ങളാണ് ഒരുക്കേണ്ടത്. വനങ്ങൾ മറ്റു ജീവികൾക്കുമാത്രമല്ല, മനുഷ്യർക്കും നൽകുന്ന സൗഭാഗ്യങ്ങൾ അളവറ്റതാണെന്ന് കുട്ടികളെ ഓർമപ്പെടുത്തേണ്ടതുണ്ട്. ആധുനികമനുഷ്യന്റെ അമിതമായ സുഖഭോഗതൃഷ്ണകൾ പ്രകൃതിവിഭവങ്ങളിൽ പ്രധാനപ്പെട്ട ഒന്നായ വനങ്ങൾക്കുണ്ടാക്കിക്കൊണ്ടിരിക്കുന്ന നാശം വളരെയേറെയാണ്. വനവിഭവങ്ങളെ അമിതമായി ചൂഷണം ചെയ്യുന്ന ആധുനികമനുഷ്യന്റെ സ്ഥാനത്ത് കഥയിലെ ചെന്നായയെയും, പ്രകൃതിയോട് സൗമ്യമായി പെരുമാറുന്ന ഒരു ചെറുവിഭാഗത്തിന്റെ പ്രതിനിധിയായി അണ്ണാൻകുഞ്ഞിനെയും കുട്ടികൾക്ക് വായിച്ചെടുക്കാൻ കഴിയും വിധത്തിലുള്ള പ്രവർത്തനങ്ങൾ ഒരുക്കാൻ സാധിക്കണം.

മേൽപ്പറഞ്ഞ ആശയരൂപീകരണത്തിലേക്ക് കുട്ടികളെ നയിക്കുന്നതിന് അഭിപ്രായക്കുറിപ്പ്, വർണന, സംഭാഷണം, കഥാപൂരണം തുടങ്ങിയ വ്യവഹാരരൂപങ്ങളിലധിഷ്ഠിതമായ പ്രവർത്തനങ്ങളാണ് ഈ പാഠഭാഗത്തിലുള്ളത്. അതിനു സഹായകമാകുന്ന ചോദ്യങ്ങളും ഇടപെടലുകളും അധ്യാപികയുടെ ഭാഗത്തുനിന്ന് ഉണ്ടാവേണ്ടതുണ്ട്.

മണ്ണും മനുഷ്യനും ജീവജാലങ്ങളും തമ്മിലുള്ള ബന്ധം ആവിഷ്കരിക്കുന്ന ആഖ്യാനങ്ങൾ, കവിതകൾ, ഹ്രസ്വചിത്രങ്ങൾ/ സിനിമ/ ഡോക്യുമെന്ററി (സി.ഡി, ഡി.വി.ഡി, വി.സി.ഡി, മുതലായവ) എന്നിവ മുൻക്ലാസ്സുകളിൽ കുട്ടികൾ പരിചയപ്പെട്ടിട്ടുണ്ട്. അതുപോലെ ഈ ആശയങ്ങളെ മുദ്രാഗീതം, ചുമർപത്രിക, അടിക്കുറിപ്പ്, ചിത്രം തുടങ്ങിയ വ്യത്യസ്ത രചനകളിലൂടെ പ്രകടിപ്പിക്കാനുള്ള അവസരവും കുട്ടികൾക്ക് ലഭിച്ചിട്ടുണ്ട്.

രണ്ടു മൊഡ്യൂളുകളായി വിനിമയം ചെയ്യാവുന്ന പഠനപ്രവർത്തനങ്ങളായാണ് പ്രവർത്തനങ്ങൾ വിന്യസിച്ചിട്ടുള്ളത്. മൊഡ്യൂളിന്റെ ദൈർഘ്യം കുട്ടികൾക്കു വിരസത ഉണ്ടാക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. അങ്ങനെ വരുന്ന സന്ദർഭങ്ങളിൽ മൊഡ്യൂളിലെ പ്രവർത്തനങ്ങൾ ആശയരൂപീകരണത്തിന് ഭംഗംവരാത്ത രീതിയിൽ ഭാഗങ്ങളായി വേർതിരിച്ച് അവതരിപ്പിക്കാവുന്നതാണ്.

ഉദാഹരണമായി ഒന്നാം മൊഡ്യൂളിൽത്തന്നെ കഥാരചനയുമായി ബന്ധപ്പെട്ട ആശയം നിർമിക്കുന്നതിനുള്ള ഒന്നിലധികം പ്രവർത്തനങ്ങൾ ഉണ്ടല്ലോ. ആദ്യഘട്ടത്തിൽ സംഭാഷണരചനവരെയുള്ള പ്രവർത്തനങ്ങൾ അവതരിപ്പിച്ചശേഷം കഥാരചന അടുത്ത ഘട്ടമായി അവതരിപ്പിക്കുന്ന രീതി സ്വീകരിക്കാം.

അഭിപ്രായക്കുറിപ്പ്, സംഭാഷണം, കഥാരചന, വർണന എന്നീ വ്യവഹാരൂപങ്ങൾ പഠന ഉല്പന്നങ്ങളുടെ തലത്തിലും പഠനപ്രക്രിയാതലത്തിലും നിരന്തരവിലയിരുത്തലിന് വിധേയമാക്കേണ്ടവയാണ്.

**പ്രശ്ന മേഖല: ശാസ്ത്രീയമായ സ്ഥലമാനേജ്മെന്റിന്റെ അഭാവം**

| ആശയങ്ങൾ | പ്രക്രിയകളും കഴിവുകളും | പ്രകടിതരൂപം | വിലയിരുത്തൽ |
|---|---|---|---|
| • ജീവജാലങ്ങളുടെ വാസസ്ഥലമായ വനം സംരക്ഷിക്കപ്പെടേണ്ടതാണ്.<br>• കഥ നടന്ന സംഥലം, സംഭവങ്ങൾ, കഥാപാത്രസ്വഭാവം, സന്ദേശം എന്നിവ കഥയുടെ പ്രധാനപ്പെട്ട ചില സവിശേഷതകളാണ്. | • വനനശീകരണം പ്രമേയമായിവരുന്ന കഥകൾ വായിച്ച് അപഗ്രഥിക്കുന്നു. ആസ്വാദനപരമായ കുറിപ്പുകൾ തയാറാക്കുന്നു. കഥയിലെ ആശയവുമായി ബന്ധപ്പെട്ട സംഭാഷണം രചിക്കുന്നു.<br>• സംഭവങ്ങൾ, കഥാപാത്രങ്ങൾ, സംഭാഷണം, സന്ദേശം എന്നിവ കണ്ടെത്തുകയും കഥാപൂരണം നടത്തുകയും ചെയ്യുന്നു. | • ആസ്വാദനപരമായ കുറിപ്പ്<br>• അഭിപ്രായകുറിപ്പ്<br>• സംഭാഷണം<br>• കഥ | അഭിപ്രായ കുറിപ്പ്: വസ്തുതകൾ വ്യാഖ്യാനിച്ചിട്ടുണ്ട്; സ്വന്തം വാദം സമർത്ഥിച്ചിട്ടുണ്ട്; ആവശ്യമായ വിശദീകരണം ഉണ്ട്.<br>സംഭാഷണം: അനുയോജ്യമായ തുടക്കം, ഒടുക്കം, വളർച്ച ഇവയുണ്ട്; വിനിമയങ്ങളുടെ ചേർച്ച, സ്വാഭാവികത ഇവയുണ്ട്; വികാരത്തിനും സന്ദർഭത്തിനുമനുസരിച്ച സംബോധന, ചിഹ്നം ചേർക്കൽ ഇവയുണ്ട്.<br>കഥ: കഥനടന്നസ്ഥലം, കഥാപാത്രങ്ങൾ, സ്വഭാവം എന്നിവ പ്രകടമാണ്; കഥയ്ക്ക് സന്ദേശമുണ്ട്; പരസ്പരം ചേർന്നുനില്ക്കുന്ന സംഭവങ്ങൾ |
| • പ്രകൃതി സൗന്ദര്യം ആസ്വദിക്കുകയും ആസ്വദിപ്പിക്കുകയും ചെയ്യുന്നത് നമുക്കും മറ്റുള്ളവർക്കും സന്തോഷം നൽകും.<br>• കാഴ്ച, കേൾവി, ഗന്ധം എന്നിവയുമായി ബന്ധപ്പെട്ട ചിത്രങ്ങൾ വായനക്കാരന്റെ മനസ്സിൽ ഉണർത്താൻ കഴിയുംവിധം എഴുതുമ്പോഴാണ് വർണന ഫലപ്രദമാകുന്നത്. | • കഥകളിലും മറ്റ് ഗദ്യങ്ങളിലുമുള്ള വർണനാഭാഗങ്ങൾ പരിശോധിക്കുകയും വർണനകളിൽ ഉണ്ടാകണമെന്നു തോന്നുന്ന സവിശേഷതകൾ കണ്ടെത്തുകയും ചെയ്യുന്നു. ഇഷ്ടപ്പെട്ട ദൃശ്യം/കാഴ്ച/അനുഭവം എന്നിവയെക്കുറിച്ച് വർണന തയാറാക്കുന്നു. | • വർണന | വർണന: വൈവിധ്യമാർന്ന പദങ്ങൾ, വിശേഷണ പ്രയോഗങ്ങൾ എന്നിവയുണ്ട്; ആശയപൂർണതയോടെ രചന പൂർത്തിയാക്കിയിട്ടുണ്ട്; വാക്യഘടന, പദവിന്യാസക്രമം എന്നിവയുണ്ട്. |

## മോഡ്യൂൾ 1

ആശയം : • ജീവജാലങ്ങളുടെ വാസസ്ഥാനമായ വനം സംരക്ഷിക്കപ്പെടേണ്ടതാണ്.
• കഥനടക്കുന്ന സ്ഥലം, സംഭവങ്ങൾ, കഥാപാത്രസ്വഭാവം, സന്ദേശം എന്നിവ കഥയുടെ പ്രധാനപ്പെട്ട ചില സവിശേഷതകളാണ്.

കരുതേണ്ട സാമഗ്രികൾ: • പ്രകൃതിമനോഹാരിതയും, നഷ്ടപ്പെടുന്ന വനഭംഗിയും വ്യക്തമാക്കുന്ന ചിത്രങ്ങൾ, കഥകൾ, കവിതകൾ, വാർത്തകൾ...
• വായനാസാമഗ്രികൾ - ത്യാഗത്തിന്റെ കഥ - ഖേജ്റി മരങ്ങൾ (എച്ച്.ബി)
• ടീച്ചർവെർഷൻ - 1. കഥാപൂരണം
2. അഭിപ്രായക്കുറിപ്പ്

പ്രതീക്ഷിത സമയം : 7½ മണിക്കൂർ

---

### പ്രദർശനം (ചിത്രം/കഥ/കവിത/വാർത്തകൾ)

പരിസരദിനാചരണവുമായി ബന്ധപ്പെട്ട്, കുട്ടികൾ വരച്ച ചിത്രങ്ങൾ, ശേഖരിച്ച കഥകൾ, വാർത്തകൾ, കവിതകൾ എന്നിവ ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾ അവയിൽ നിന്ന് ഇഷ്ടപ്പെട്ട കഥ/കവിത/വാർത്ത/ചിത്രം തെരഞ്ഞെടുക്കട്ടെ. തെരഞ്ഞെടുത്തവ ക്ലാസ്സിൽ അവതരിപ്പിക്കുന്നു. അവയുടെ ഉള്ളടക്കത്തെക്കുറിച്ച് അവർ സ്വതന്ത്രമായി പ്രതികരിക്കട്ടെ.

എന്തൊക്കെ ചോദ്യങ്ങളാകാം?

- കേരളത്തിന്റെ പ്രകൃതിഭംഗിയെക്കുറിച്ചുള്ള എന്തെല്ലാം സൂചനകളാണ് ഇവയിൽ നിന്ന് ലഭിക്കുന്നത്?

> കുട്ടികളിൽനിന്ന് പ്രസക്തമായ രീതിയിൽ പ്രതികരണങ്ങളുണ്ടാകാൻ സഹായിക്കുന്ന ചോദ്യങ്ങൾ ടീച്ചർ ചോദിക്കണം.

- എല്ലാം പ്രകൃതിഭംഗിയെക്കുറിച്ച് മാത്രം പറയുന്ന കഥകളും, കവിതകളും വാർത്തകളുമാണോ?
- വനങ്ങളുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രത്യേകതകൾ ഈ രചനകളിൽ കണ്ടെത്താം?
- വനഭംഗി നഷ്ടപ്പെടുന്നതുമായി ബന്ധപ്പെട്ട വിലാപങ്ങളുള്ള വിഷയങ്ങൾ പ്രകടമാക്കുന്ന രചനകൾ എന്തൊക്കെയാണ്?
- എന്തുകൊണ്ടാണ് ഇങ്ങനെ വിലപിക്കേണ്ടിവരുന്നത്?

> ചർച്ചാചോദ്യങ്ങൾ ക്ലാസ്സിലെ കുട്ടികളുടെ അനുഭവപരിസരം, പ്രദർശിപ്പിച്ച സാമഗ്രികൾ എന്നിവയുടെ അടിസ്ഥാനത്തിൽ ലളിതവും കൃത്യവുമാക്കേണ്ടിവരും

ചോദ്യങ്ങളോടുള്ള കുട്ടികളുടെ പ്രതികരണങ്ങൾ ടീച്ചർ ബോർഡിൽ രേഖപ്പെടുത്തുന്നു. പ്രതികരണങ്ങളെ ക്രോഡീകരിച്ച് പ്രസക്തമായവ തിരഞ്ഞെടുത്ത് മാറ്റി എഴുതുന്നു.

> **ക്രോഡീകരണം**
> - നമ്മുടെ ചുറ്റുപാടും സുന്ദരമാക്കുന്നത് ആരെല്ലാമാണ്?
> - സുന്ദരമായ വനഭംഗിയെ നശിപ്പിച്ചുകൊണ്ടിരിക്കുന്നത് ആരാണ്? അതുകൊണ്ടുണ്ടാകുന്ന ദുരന്തങ്ങൾ എന്തെല്ലാമായിരിക്കും?

ഈ പ്രശ്നം ഉന്നയിക്കുന്നതിന് മറ്റെന്തൊക്കെ മാർഗങ്ങൾ സ്വീകരിക്കാം?

> **എന്റെ ക്ലാസിൽ**
> പ്രശ്നാഭിമുഖീകരണത്തിന് എന്റെ ക്ലാസ്സിൽ യോജിക്കുന്ന വിധത്തിൽ ഞാൻ സ്വീകരിക്കുന്നവ:
>
> ഹ്രസ്വചിത്രങ്ങൾ/ സിനിമ/ ഡോക്യുമെന്ററി (സി.ഡി, ഡി, വി.ഡി, വിസി.ഡി, മുതലായവ) ഒരു സ്ഥലത്തിന്റെ മുൻകാല ചിത്രങ്ങൾ പ്രദർശിപ്പിക്കൽ, കവിതകൾ കേൾക്കൽ, ..................................................
> ..................................... ...................................... ..........................................

**കഥയിലേക്ക് (ഇഷ്ടകഥാപാത്രം - TB)**

ഈ പ്രശ്നാഭിമുഖീകരണഘട്ടത്തിലൂടെ ഉയർന്നുവന്ന പഠനപ്രശ്നത്തിന്റെ തീവ്രത ആവിഷ്കൃതമായ ഹൃദയത്തിലെ പൂന്തോപ്പ് എന്ന കഥാഭാഗം കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു.

കുട്ടികൾ ഓരോരുത്തരും കഥയിൽ നിന്ന് ഇഷ്ടപ്പെട്ട കഥാപാത്രത്തെ കണ്ടെത്തുന്നു. കഥാപാത്രത്തിന്റെ സവിശേഷതകൾ കണ്ടെത്തി എന്തുകൊണ്ട് ഇഷ്ടപ്പെടുന്നു/ഇഷ്ടപ്പെടുന്നില്ല എന്ന പട്ടികതയാറാക്കട്ടെ.

| കഥാപാത്രം | ഇഷ്ടപ്പെടുന്നു/ ഇഷ്ടപ്പെടുന്നില്ല | എന്തു കൊണ്ടെന്നാൽ |
|---|---|---|
| | | |
| | | |

**മരങ്ങൾ നശിച്ചാൽ - കുറിപ്പുതയാറാക്കി ചർച്ച (ടി.ബി)**

'മരങ്ങൾ നശിച്ചാൽ എല്ലാസൗഭാഗ്യങ്ങളും നശിക്കും' മരങ്ങൾ എന്തൊക്കെ സൗഭാഗ്യങ്ങളാണ് നമുക്കു നല്കുന്നത്? കുട്ടികൾ വ്യക്തിഗതമായി എഴുതിനോക്കട്ടെ. തുടർന്ന് ഗ്രൂപ്പുകളിൽ പൂർണ്ണമാക്കി ക്ലാസ്സിൽ അവതരിപ്പിക്കുന്നു. ഇനി മരങ്ങൾ നശിച്ചാൽ എന്നതുമായി ബന്ധപ്പെട്ട വസ്തുതകൾ ചേർത്തുകൊണ്ട് ക്ലാസ്സിൽ പൊതുവായി ഒരു ആശയഭൂപടം നിർമിക്കുന്നു. ഗ്രൂപ്പുകൾ സൗഭാഗ്യങ്ങളായി കണ്ടെത്തിയതിനെ വച്ചുകൊണ്ട് ആശയങ്ങൾ പറയട്ടെ.




ക്ലാസ്സിൽ നിർമിച്ച ആശയഭൂപടത്തിന്റെ ഓരോ ഉപാശയവും ഗ്രൂപ്പിന് ഒന്നുവീതം നൽകി മറ്റു ഘടകങ്ങൾ കണ്ടെത്താൻ പറയുക. അവ ആശയഭൂപടത്തിൽ രേഖപ്പെടുത്തുകയും ചെയ്യുമല്ലോ. തുടർന്ന് 'ത്യാഗത്തിന്റെ കഥ' എന്ന അധികവായനാസാമഗ്രി (അനുബന്ധം-1) ഗ്രൂപ്പുകൾക്കു നൽകുന്നു.

ഇതുവായിച്ച് ഇതിൽനിന്നു ലഭിച്ച ആശയങ്ങൾകൂടി ഉൾപ്പെടുത്തി 'മരങ്ങൾ നശിച്ചാൽ' എന്ന കുറിപ്പ് തയാറാക്കി അവതരിപ്പിക്കുന്നു. തയാറാക്കിയ കുറിപ്പ് പരസ്പരം കൈമാറി വായിച്ച് മെച്ചപ്പെടുത്തുന്നു.

**എന്റെ അഭിപ്രായം (ടി.ബി)**

കഥ വായിച്ച് കഥയിൽ അണ്ണാനെയും ചെന്നായയെയും യഥാർത്ഥത്തിൽ ആരെ ഉദ്ദേശിച്ചാണ് ഉൾപ്പെടുത്തിയിട്ടുണ്ടാവുക എന്ന് കുട്ടികൾ ഊഹിച്ചു പറയട്ടെ. തുടർന്ന് ടി.ബി യിലെ 'എന്റെ അഭിപ്രായം' എന്ന പ്രവർത്തനം വായിക്കുന്നു. നേരത്തെ തയാറാക്കിയ കഥയിലെ കഥാപാത്രങ്ങളെക്കുറിച്ചുള്ള താരതമ്യപ്പട്ടികകൂടി ഉപയോഗിച്ച് കുട്ടികൾ അവരുടെ അഭിപ്രായം രേഖപ്പെടുത്തട്ടെ. വായിച്ചവതരിപ്പിക്കട്ടെ. ടീച്ചർ തന്റേതായ അഭിപ്രായവും ക്ലാസ്സിൽ അവതരിപ്പിക്കണം.

**അവർപറയുന്നത് - (ടി.ബി)**

മുത്തച്ഛനും റോസിമോളും അണ്ണാൻകുഞ്ഞും തമ്മിലുള്ള സംഭാഷണം കുട്ടികൾ ആലോചിക്കട്ടെ. അല്പസമയത്തിനുശേഷം, എന്തൊക്കെ കാര്യങ്ങളായിരിക്കും അവരുടെ സംഭാഷണത്തിൽ ഉൾപ്പെട്ടിട്ടുണ്ടാവുക എന്നു ചോദിച്ചുകൊണ്ട് ഒരു പൊതുചർച്ചനടത്താം.

- മാമ്പഴക്കാലം
- മുത്തച്ഛന് ജീവജാലങ്ങളോടുള്ള സ്നേഹം
- ചെന്നായയുടെ ക്രൂരതകൾ
- 

കുട്ടികൾ വ്യക്തിഗതമായി സംഭാഷണം രചിക്കുന്നു. ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. മെച്ചപ്പെട്ടവ ക്ലാസ്സിൽ അവതരിപ്പിക്കുന്നു. രചനമെച്ചപ്പെടുത്തൽ പ്രവർത്തനത്തിനുസഹായകരമായ ചർച്ചാചോദ്യങ്ങൾ അവതരണത്തിനുശേഷം ഉന്നയിക്കുമല്ലോ?

- ഒരു പ്രത്യേക വിഷയത്തെ അടിസ്ഥാനമാക്കിയാണോ സഭാഷണം രചിച്ചിട്ടുള്ളത്? ഏതുവിഷയമായിരുന്നു ഉദ്ദേശിച്ചത്?
- ആകർഷകമായ തുടക്കം ഉണ്ടായിട്ടുണ്ടോ?
- ആദ്യസംഭാഷണ ഭാഗങ്ങളോട് ചേർന്നുനിൽകുന്ന വാക്യങ്ങളാണോ തുടർന്നും ഉണ്ടാക്കിയത്?
- ഒരു ആശയം പൂർണ്ണമാകുന്നിടത്ത് അവസാനിപ്പിച്ചിട്ടുണ്ടോ?
- ചോദ്യങ്ങളും ഉത്തരങ്ങളും തിരിച്ചുള്ള ചോദ്യങ്ങളും ഉണ്ടാകുന്ന രീതിയിലുള്ള വാക്യമാതൃകകൾ സ്വീകരിച്ചിട്ടുണ്ടോ?

ചർച്ചാചോദ്യങ്ങൾ വിലയിരുത്തൽ സൂചകങ്ങളായി മാറ്റിയെടുത്തുകൊണ്ട് ടീച്ചർ ബിബിയിൽ/ചാർട്ടിൽ രേഖപ്പെടുത്തുന്നു. വിവിധ ഗ്രൂപ്പുകളുടെ സംഭാഷണത്തെക്കുറിച്ച് ഗ്രൂപ്പ്/വ്യക്തി /ടീച്ചർ സൂചനകളെ അടിസ്ഥാനമാക്കി അഭിപ്രായം പറയുന്നു. തുടർന്ന് എല്ലാവരും സ്വന്തം രചനകൾ മെച്ചപ്പെടുത്തി എഴുതുന്നു.

**കഥയിലെ സംഭാഷണം**

കഥയിലില്ലാത്ത ഒരു സംഭാഷണം നമ്മൾ എഴുതിയല്ലോ. അതിനുണ്ടാകേണ്ട പ്രത്യേകതകളും മനസ്സിലാക്കി.

ഒരു കഥയിലുള്ള സംഭാഷണത്തിന് എന്തു പ്രത്യേകതയാണ് ഉണ്ടാവേണ്ടത്? നമ്മുടെ കഥ പരിശോധിച്ചുനോക്കി പറയാമോ? കുട്ടികൾ ശ്രമിക്കട്ടെ.

ചാർട്ടിൽ മുത്തച്ഛൻ, അണ്ണാൻ, ചെന്നായ എന്നീ കഥാപാത്രങ്ങളുടെ സംഭാഷണഭാഗങ്ങളുള്ള അപൂർണ്ണമായ പട്ടിക പ്രദർശിപ്പിക്കുന്നു.

| മുത്തച്ഛൻ | ചെന്നായ | അണ്ണാൻ |
|---|---|---|
| • കുഞ്ഞേ, നീ വാക്കു പാലിച്ചു. നിനക്കിഷ്ടപ്പെട്ട എന്തെങ്കിലുമൊന്ന് സമ്മാനമായി എടുത്തുകൊള്ളൂ. | • മര്യാദയ്ക്ക് പറയ് | • മുത്തച്ഛാ ഞാനീ മാമ്പഴം തിന്നോട്ടേ? |
| • | • | • |
| • | • | • |
| • | • | • |

ഇതുപോലെ ഓരോകഥാപാത്രത്തിനും യോജിച്ച മറ്റു സംഭാഷണ ഭാഗങ്ങൾ ഓരോരുത്തരും കണ്ടെത്തിയെഴുതട്ടെ. ഭാവം ഉൾക്കൊണ്ട് സംഭാഷണം അവതരിപ്പിക്കാനും ക്ലാസ്സിൽ അവസരമുണ്ടാകണം. ഓരോരുത്തരുടെയും സംഭാഷണങ്ങൾ പരിശോധിച്ചാൽ അവരുടെ സ്വഭാവത്തിലെ എന്തെല്ലാം പ്രത്യേകതകളാണ് മനസ്സിലാവുക എന്നതിനെക്കുറിച്ച് പൊതുചർച്ച സംഘടിപ്പിക്കുന്നു.

- മുത്തച്ഛന് ജീവികളോട് ഒരുപാട് വാത്സല്യവും സ്നേഹവുമുണ്ടല്ലോ. ഈ പ്രത്യേകത മനസ്സിലാവുന്ന എന്തെല്ലാം കാര്യങ്ങൾ മുത്തച്ഛന്റെ സംസാരത്തിലുണ്ട്?
- 'കുഞ്ഞേ' എന്നുള്ള വിളിയാണോ 'എടാ' എന്നുള്ള വിളിയാണോ മുത്തച്ഛന് ഏറ്റവുമധികം യോജിക്കുക? എന്തുകൊണ്ട്?
- 'എടുത്തുകൊള്ളൂ' എന്നതിനുപകരം 'എടുക്ക്' എന്നുപറഞ്ഞാൽ അത് മുത്തച്ഛന്റെ സ്വഭാവത്തിന് യോജിച്ചതാകുമോ?
- മുതിർന്നവരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ഒരാളാണ് അണ്ണാനെന്നു മനസ്സിലാവുന്ന എന്തൊക്കെ സംഭാഷണഭാഗങ്ങൾ നിങ്ങൾക്ക് എടുത്തുപറയാം?
- 'മര്യാദക്കുപറയ്' എന്ന സംസാരം ഇക്കഥയിലെ അണ്ണാന് യോജിക്കുമോ? എന്തുകൊണ്ട്? ഇത്തരമൊരു കാര്യം അണ്ണാൻ പറയുന്നത് എങ്ങനെയായിരിക്കും?

ഇത്തരം ചർച്ചയിലൂടെ കഥാപാത്രങ്ങളുടെ സ്വഭാവത്തിനുപറ്റിയ സംഭാഷണഭാഗങ്ങൾ കഥയെ മികച്ചതാക്കുന്നുവെന്ന ആശയരൂപീകരണത്തിലേക്ക് കുട്ടിയെ എത്തിക്കണം.

### നല്ലകഥയിൽ

ഒരു നല്ലകഥയിൽ കഥാപാത്രങ്ങളും അവർക്കനുയോജ്യമായ സംഭാഷണങ്ങളും കൂടാതെ മറ്റെന്തെല്ലാം ഘടകങ്ങൾ ഉണ്ടാകാം? ഹൃദയത്തിലെ പൂന്തോപ്പ് ഒരിക്കൽകൂടി വായിച്ച് കുട്ടികൾ കുറിക്കട്ടെ. ചിലർക്ക് പറയാനവസരം നൽകിയതിനുശേഷം കൂട്ടിച്ചേർക്കലുകൾ വരുത്തി തയാറാക്കിയ താഴെക്കാണുന്ന വർക്ക്ഷീറ്റ് നൽകാം. കുട്ടികൾ വ്യക്തിഗതമായി വർക്ക്ഷീറ്റ് (അനുബന്ധം - 2) പൂരിപ്പിക്കട്ടെ. ഗ്രൂപ്പിൽ ക്രോഡീകരിച്ചവ പൊതുവായി അവതരിപ്പിക്കുന്നു.

കഥയിലെ സംഭവങ്ങൾ

- വിശന്നുവലഞ്ഞ കുഞ്ഞനണ്ണാൻ വനത്തിലെത്തി മാവുമുത്തച്ഛനോട് മാമ്പഴമെടുക്കാൻ അനുവാദം ചോദിക്കുന്നു.
- കുഞ്ഞനണ്ണാൻ മയങ്ങിപ്പോകുന്നു; ഞെട്ടി ഉണരുന്നു.
- വാത്സല്യം തോന്നിയ മുത്തച്ഛൻ തന്റെ ഹൃദയം കാട്ടിക്കൊടുക്കുന്നു.
- മുത്തച്ഛനിൽനിന്ന് കുഞ്ഞനണ്ണാൻ സമ്മാനം നേടുന്നു.
- തിരിച്ചുപോകുമ്പോൾ ചെന്നായ പേടിപ്പിക്കുന്നു. സമ്മാനത്തിന്റ രഹസ്യം മനസ്സിലാക്കുകയും തട്ടിപ്പറിക്കുകയും ചെയ്യുന്നു.
- അണ്ണാനെപ്പോലെ പെരുമാറി ചെന്നായ മുത്തച്ഛന്റെ ഹൃദയത്തിൽ കയറിപറ്റുന്നു. എല്ലാം വാരിക്കൂട്ടുന്നു.
- മുത്തച്ഛന്റെ ഉള്ളം പുകഞ്ഞുകത്തുന്നു. ചെന്നായയ്ക്ക് പൊള്ളലേൽക്കുന്നു.
- കാട്ടിലെ കൂട്ടുകാർ ഒത്തുകൂടുന്നു. തീ കെടുത്തുന്നു.
- എല്ലാവരും സന്തോഷിക്കുന്നു.

### എന്നിട്ടോ (ടി.ബി)

ടി.ബി യിലെ കഥാപൂരണഭാഗം വായിക്കുന്നു. തുടർന്ന് കഥാരചനയിലേക്കു നയിക്കാനുതകുന്ന ചർച്ചാചോദ്യങ്ങൾ ഉന്നയിക്കുന്നു.

- ഇതിലെ കഥാപാത്രങ്ങൾ ആരൊക്കെ?
- ഇനിയും ആരെയൊക്കെ ചേർക്കാം?
- 'കുഞ്ഞനാനയുടെ ശാഠ്യം കാരണം അമ്മയാന മുളങ്കൂമ്പ് അന്വേഷിച്ചിറങ്ങി.' ഇതാണ് കഥയിലെ പ്രധാന സന്ദർഭം. ഈ സംഭവംതന്നെയല്ലേ കഥയെ മുന്നോട്ടുനയിക്കേണ്ടത്? തുടർന്നുണ്ടായ പ്രധാന സംഭവങ്ങളെന്തൊക്കെയായിരിക്കും? കുട്ടികൾ പറയുന്നവ ടീച്ചർ മുൻ പ്രവർത്തനത്തിലെ വർക്ക് ഷീറ്റിന്റെ മാതൃകയിൽ ചാർട്ടിൽ എഴുതിയിടുന്നു.

വ്യക്തിഗതമായ ഉദ്യമത്തെത്തുടർന്ന് ഗ്രൂപ്പിൽ ചർച്ചചെയ്ത് മെച്ചപ്പെടുത്തുകയും ഗ്രൂപ്പുകൾ പൊതുവായി അവതരിപ്പിക്കുകയും ചെയ്യട്ടെ. തുടർന്ന് ഗ്രൂപ്പ് അവതരണത്തിന്റെ ക്രോഡീകരണ ഷീറ്റ് ടീച്ചർ ചാർട്ടിൽ തയാറാക്കുന്നു.

**ക്രോഡീകരണം**

കഥനടക്കുന്ന സ്ഥലം : ..........................................................................................

പ്രത്യേകതകൾ : ..........................................................................................

..........................................................................................

..........................................................................................

..........................................................................................

കുഞ്ഞനാനയുടെ ശാഠ്യം കാരണം
അമ്മയാന മുളക്കൂമ്പ് അന്വേഷിച്ചിറങ്ങി

⇩

..........................................................................................

..........................................................................................

..........................................................................................

..........................................................................................

..........................................................................................

⇩

..........................................................................................

..........................................................................................

..........................................................................................

..........................................................................................

..........................................................................................

- അമ്മയാന, കുഞ്ഞനാന, മറ്റ് കഥാപാത്രങ്ങൾ എന്നിവരുടെ സംഭാഷണത്തിലുള്ള പ്രത്യേകതകൾ എന്തൊക്കെയായിരിക്കും?
- ഈ കഥയിലൂടെ നിങ്ങൾ നല്കുന്ന സന്ദേശം എന്തായിരിക്കും?

ഇവയെല്ലാം മനസ്സിൽവച്ചുകൊണ്ട് കുട്ടികൾ കഥ തുടർന്നെഴുതട്ടെ. ഗ്രൂപ്പിൽ അവതരിപ്പിച്ച് മെച്ചപ്പെട്ടതു കണ്ടെത്തി ക്ലാസ്സിൽ അവതരിപ്പിക്കട്ടെ.

മെച്ചപ്പെട്ടത് കണ്ടെത്തിയ വിധം ക്ലാസ്സിൽ ചർച്ചെയ്യുമല്ലോ.

- കഥയുടെ മുൻഭാഗത്തോട് ചേർന്നുനില്ക്കുന്ന വിധമാണോ പിന്നീടെഴുതിയവ?
- കഥാപാത്രങ്ങളുടെ സ്വഭാവത്തിനനുയോജ്യമായ സംഭാഷണം ഉൾപ്പെടുത്തിയിട്ടുണ്ടോ?
- കഥനടന്ന സ്ഥലം, അതിന്റെ വിശദീകരണം എന്നിവയുണ്ടോ?
- കഥയ്ക്ക് ശീർഷകം നൽകിയിട്ടുണ്ടോ?
- കഥയിലെ പ്രതിസന്ധി/പ്രശ്നം പരിഹരിക്കുന്നരീതിയിലാണോ അവസാനിപ്പിച്ചത്?
- ആവശ്യമായ രീതിയിൽ ഖണ്ഡിക തിരിച്ചിട്ടുണ്ടോ?
- സംഭാഷണവാക്യങ്ങൾ, ചിഹ്നങ്ങൾ ഇവ ചേർത്ത് എഴുതിയിട്ടുണ്ടോ?

ചർച്ചയിലൂടെ ഇത്തരം ചോദ്യങ്ങൾ ചിട്ടപ്പെടുത്തി കഥയെ വിലയിരുത്തുന്ന സൂചകങ്ങളാക്കി മാറ്റാം. ഗ്രൂപ്പുകൾ സൂചകങ്ങൾവച്ച് പരസ്പരം വിലയിരുത്തി അഭിപ്രായം അവതിരിപ്പിക്കട്ടെ. തുടർന്ന് ടീച്ചർവെർഷൻ അവതരിപ്പിക്കുന്നു. കുട്ടികൾ രചന മെച്ചപ്പെടുത്തിയെഴുതുന്നു.

**വനസംരക്ഷണ സേന**

മുത്തച്ഛനും അണ്ണാൻകുഞ്ഞും റോസിമോളും സംഭാഷണത്തിനുശേഷം വനസംരക്ഷണസേന രൂപീകരിച്ചു. വനനശീകരണത്തിനെതിരെ പ്രതിഷേധയോഗങ്ങൾ സംഘടിപ്പിക്കാൻ ഗ്രാമം മുഴുവൻ പോസ്റ്റർ പതിച്ചു. അവർ തയാറാക്കിയ പോസ്റ്ററുകൾ എന്തൊക്കെയായിരിക്കും? കുട്ടികൾ വ്യക്തിഗതമായി പോസ്റ്ററുകൾ തയാറാക്കട്ടെ.

**അനുബന്ധം – 1**

**ത്യാഗത്തിന്റെ കഥ**

കുളിരുള്ള ഒരു പ്രഭാതം. ഗ്രാമം ഉണർന്നുവരുന്നതേയുള്ളൂ. ചുറ്റുമുള്ള വനത്തിൽ നിന്ന് പക്ഷികളുടെ കലപില ശബ്ദം.

പെട്ടെന്നാണ് ഒരുകൂട്ടം രാജകിങ്കരൻമാർ ഗ്രാമത്തിൽ വന്നിറങ്ങിയത്. കൊട്ടാരം നിർമ്മിക്കാനാവശ്യമായ മരത്തടികൾ മുറിച്ചെടുക്കാനായിട്ടാണ് അവർ വന്നിട്ടുള്ളത്. ഉയർത്തിപ്പിടിച്ച മഴുവുമായി അതിവേഗം അവർ ഗ്രാമാതിർത്തിയിലെ വനത്തിലേക്കു കടന്നു. നിമിഷങ്ങൾക്കകം... തലയുയർത്തിനിന്നിരുന്ന വൻമരങ്ങൾ നിലംപതിക്കുന്ന വലിയ ശബ്ദത്തിൽ ഗ്രാമവാസികളും പക്ഷിമൃഗാദികളും വിറച്ചു.

പക്ഷികൾ ചിറകടിച്ച് പറന്നു. മൃഗങ്ങൾ പരിഭ്രാന്തരായി നാലുപാടും പാഞ്ഞു. ഇതുകണ്ട് ഗ്രാമവാസികൾ ഒന്നടങ്കം കാട്ടിലേക്കു കുതിച്ചു. രാജകിങ്കരൻമാരുമായി തർക്കത്തിലേർപ്പെട്ടു. ഗ്രാമവാസികളുടെ എതിർപ്പ് വകവെയ്ക്കാതെ അവർ മരങ്ങൾ മുറിക്കുന്നത് തുടർന്നു. തടയാനെത്തിയ നിരവധി പേരെ മഴുവിനിരയാക്കി. ഏതാനും രാജസേവകരും മരിച്ചുവീണു. തങ്ങൾക്ക് വെള്ളവും വെളിച്ചവും തണലും ആഹാരവും നൽകുന്ന മരങ്ങളെ സംരക്ഷിക്കാനായി നാട്ടുമുത്തശ്ശിയുടെ നേതൃത്വത്തിൽ ഗ്രാമവാസികൾ മരങ്ങൾ കെട്ടിപ്പിടിച്ച് വൃത്താകൃതിയിൽ നിന്ന് പാട്ടുപാടാൻ തുടങ്ങി.

ഞാനാണ് വസന്തം
മൃദുലമാം മഴയും
ഹരിതമാം തണലും
ഭൂമിയിലെ ജീവനും
എന്നെക്കൊല്ലുമ്പോൾ
ചുടുകാറ്റും വരൾച്ചയും പടരും.
ഞാനാരാണ്...?
ഞാനാണ് വനം.

മുറിഞ്ഞുവീണ മരത്തടികളെ തലോടിയും പറന്നകലുന്ന പക്ഷികളെ തിരികെ വിളിച്ചും, കൂട്ടം തെറ്റിയ ജന്തുക്കളെ ഒന്നിപ്പിച്ചും അവർ മുറിവേറ്റ വനഭൂമിക്ക് സാന്ത്വനമേകിക്കൊണ്ടിരുന്നു. ഗ്രാമവാസികളുടെ എതിർപ്പിനെത്തുടർന്ന് അധികം വൈകാതെ രാജസേവകർ തിരിച്ചുപോയി.

# അനുബന്ധം - 2

## വർക്ക്ഷീറ്റ്

### ഹൃദയത്തിലെ പൂന്തോപ്പ്

| കഥയുടെ സ്ഥലം | കഥ നടക്കുന്ന കാലം | കഥയിലെ സംഭവങ്ങൾ | കഥാപാത്രങ്ങൾ | കഥാപാത്രങ്ങളുടെ സ്വഭാവം വ്യക്തമാക്കുന്ന സംഭാഷണം |
|---|---|---|---|---|
| | | | | |

കഥ നൽകുന്ന സന്ദേശം: ..........................................................................................................
..........................................................................................................
..........................................................................................................
..........................................................................................................
..........................................................................................................
..........................................................................................................
..........................................................................................................
..........................................................................................................
..........................................................................................................

### മോഡ്യൂൾ 2

| | |
|---|---|
| ആശയം : | • പ്രകൃതിസൗന്ദര്യത്തെ ആസ്വദിക്കുകയും ആസ്വദിപ്പിക്കുകയും ചെയ്യുന്നത് നമുക്കും മറ്റുള്ളവർക്കും സന്തോഷം നൽകും.<br>• കാഴ്ച, കേൾവി, ഗന്ധം തുടങ്ങിയവയുമായി ബന്ധപ്പെട്ട ചിത്രങ്ങൾ വായനക്കാരന്റെ മനസ്സിലുണർത്താൻ കഴിയുംവിധം എഴുതുമ്പോഴാണ് വർണന ഫലപ്രദമാവുന്നത്.<br>ഉചിതമായ പദങ്ങൾ, വിശേഷണങ്ങൾ, സാമ്യം കണ്ടെത്തിപറയൽ എന്നിവ വർണനയുടെ ഭംഗി വർധിപ്പിക്കും. |
| കരുതേണ്ട സാമഗ്രികൾ: | • വായനാസാമഗ്രി- ഗദ്യവർണന<br>• സ്വയംവിലയിരുത്തൽ ടൂൾ (വർണന)<br>• ചുമർപത്രിക തയ്യാറാക്കാനുള്ള ചാർട്ട്, സ്കെച്ച്പെൻ, ക്രയോൺസ് മുതലായവ |
| പ്രതീക്ഷിത സമയം : | • 3 മണിക്കൂർ |

### കാറ്റിന്റെ ഗാനം

കുട്ടികൾ രക്ഷാഭടന്മാരപ്പോലെ പ്രകൃതിക്ക് കാവൽനിൽക്കുന്ന ചിത്രം കണ്ടില്ലേ? (യൂണിറ്റിന്റെ മുഖചിത്രം) അതിനു കീഴെയുള്ള ഗാനം നിങ്ങൾ ആസ്വദിച്ചുവോ?

ഇത്തരം ഒരു ചോദ്യത്തെയും പ്രതികരണത്തെയും തുടർന്ന് കുട്ടികൾ ഗ്രൂപ്പായി ഈണം കണ്ടെത്തി ഗാനം അവതരിപ്പിക്കട്ടെ.

- ഈ ഗാനത്തിലെ കാറ്റ് എങ്ങനെയുള്ള ആളാണ്? പ്രകൃതിയെ നശിപ്പിക്കുന്നതോ? അതിന്റെ ഭംഗികൾ ആസ്വദിക്കുന്നവനോ?
- ഈ കാറ്റിന്റെ സ്വഭാവം നമുക്ക് മനസ്സിലാവുന്നത് എങ്ങനെയാണ്? അതിന്റെ എന്ത് പ്രവൃത്തിയിലൂടെയാണ്?

> കാറ്റ് കാടിന്റെ ഭംഗികളെക്കുറിച്ച് എല്ലാവരോടും പറയുന്നു. ആ ഭംഗികളെ ആസ്വദിച്ച്, വർണിച്ചാണ് പറയുന്നത്.

### രണ്ടുതരക്കാർ - ചർച്ച

- പ്രകൃതിയെ നശിപ്പിക്കുന്നവർ
- പ്രകൃതിയുടെ ഭംഗികൾ ആസ്വദിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നവർ

ഇങ്ങനെ രണ്ടുതരത്തിൽപ്പെട്ട ആളുകളെ നമ്മൾ വായിച്ച കഥകളിൽ (ഹൃദയത്തിലെ പൂന്തോപ്പ്, ത്യാഗത്തിന്റെ കഥ) കാണാൻ കഴിയും.

- ആരൊക്കെയാണവർ?
- നിങ്ങൾക്ക് ഇതിൽ ഏതുതരത്തിൽപ്പെട്ടവരെയാണ് ഇഷ്ടം?

കുട്ടികൾ സ്വതന്ത്ര പ്രതികരണങ്ങൾ നടത്തട്ടെ.

### കഥയിലെ ഇഷ്ടഭാഗം

- കുട്ടികൾ കഥ ഒന്നുകൂടിവായിച്ച് ഇഷ്ടപ്പെട്ട ഭാഗം കണ്ടെത്തി ഗ്രൂപ്പിൽ അവതരിപ്പിക്കട്ടെ.
- എന്തുകൊണ്ടാണ് ഇഷ്ടപ്പെട്ടത് എന്ന് പറയണം.
- ഗ്രൂപ്പിന്റെ ഇഷ്ടഭാഗം ഓരോഗ്രൂപ്പും പൊതുവായി അവതരിപ്പിക്കണം

- കുട്ടികൾ അവതരിപ്പിച്ച ഭാഗങ്ങളിൽ നിന്ന് വർണ്ണനാപരമായവരികൾ ടീച്ചർ ബോർഡിൽ എഴുതുന്നു.
- ഈ വാക്യങ്ങളുടെ വർണ്ണനാപരമായ സവിശേഷതകൾ ബോധ്യപ്പെടുത്തുന്നതിനുള്ള ചില ചോദ്യങ്ങൾ ടീച്ചർക്ക് ചോദിക്കാവുന്നതാണ്.

> - വാക്യങ്ങളിൽ പൊതുവായി എന്തെങ്കിലും പ്രത്യേകതയുണ്ടോ?
> - വാക്യങ്ങളിലെ ഏതെങ്കിലും ഭാഗമോ പദങ്ങളോ മാറ്റിയാൽ അതിനുണ്ടാകുന്ന വ്യത്യാസം എന്താണ്?
> - 'കാറ്റിലാടുന്ന വള്ളികൾ' എന്നതിനുപകരം 'ഇളം കാറ്റിൽ ആലോലമാടുന്ന പൂവള്ളികൾ' എന്നുപറയുമ്പോൾ എന്തുമാറ്റമാണുണ്ടാകുന്നത്? എന്തുകൊണ്ട്?

> - പല വർണങ്ങളിലുള്ള പൂക്കൾ ചൂടിയ മരങ്ങൾ
> - ഇളം കാറ്റിൽ ആലോലമാടുന്ന പൂവള്ളികൾ
> - തുടുത്തനിറത്തിൽ നറുമണമാർന്ന ഒരു ചെറുപഴം
> - കിളികൾ മധുരമായി പാടുന്നു.
> - മരങ്ങളും വള്ളികളും കാറ്റിൽ തലയാട്ടി നിന്നു
> - കിളികൾ കലപിലകൂട്ടി മാനത്തു ചുറ്റിപ്പറന്നു.
> -
> -

ഈ ചോദ്യങ്ങൾക്ക് വ്യക്തിഗതമായി ഉത്തരങ്ങൾ കണ്ടെത്തി ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു.

- ഓരോ ഗ്രൂപ്പും അവരുടെ കണ്ടെത്തലുകൾ അവതരിപ്പിക്കുന്നു
- ടീച്ചർ തന്റെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നു.
- വാക്യങ്ങളുടെ വർണ്ണനാപരമായ സവിശേഷതകൾ ക്രോഡീകരിക്കുന്നു.

> **ക്രോഡീകരണം**
> - കാഴ്ചകൾ, ശബ്ദങ്ങൾ, മണങ്ങൾ തുടങ്ങിയവയെ നമ്മുടെ മനസ്സിലേക്കു കൊണ്ടുവരുന്നു.
> - വിശേഷണപദങ്ങൾ ചേർത്ത് പറയുന്നു.
> - നേരിട്ടുകാണുന്നതു പോലുള്ള അനുഭവമുണ്ടാക്കുന്നു.

**മനസ്സിൽ പതിയാൻ (TB)**

- ടി.ബി യിലെ മനസ്സിൽ പതിയാൻ എന്ന ഭാഗം വായിക്കുക.
- ഈ ഭാഗം നിങ്ങളുടെ മനസ്സിൽ പതിഞ്ഞതെന്തുകൊണ്ടാകും?
- കുട്ടികൾ വ്യക്തിഗതമായി പ്രതികരിക്കുന്നു.
- ടീച്ചർ ബോർഡിൽ കുറിക്കുന്നു.
- താഴെ കൊടുത്ത ഗദ്യവർണ്ണന ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു. ഫോട്ടോ കോപ്പിയെടുത്ത് ഗ്രൂപ്പുകൾക്കു നൽകുകയുമാകാം.

> കുന്നിൻപള്ളകളിൽ വരമ്പുകൾ വെട്ടി വയലുകളുണ്ടാക്കി, അവയിൽ വെള്ളം കെട്ടിനിർത്തിയിട്ടാണ് ബാലിക്കാർ നെൽക്കൃഷി ചെയ്യുന്നത്. ഈ നീർപ്പാടങ്ങൾക്ക് സാവകൾ എന്നാണ് പേര്. കുന്നിൻപള്ളകളിൽ പടവുപടവുകളായിട്ടാണ് ഈ പാടങ്ങൾ പണിതുവച്ചിരിക്കുന്നത്. കുന്നിൻ മുകളിലെ കുളത്തിൽ ശേഖരിച്ചുവച്ച മഴവെള്ളം സമയമായാൽ അവർ സാവകളിലെക്ക് തിരിച്ചുവിടും. സാവകളിലെ നിശ്ചലജലത്തിൽ നിലാകാശവും പഞ്ഞിക്കെട്ടുകൾ പോലുള്ള മേഘങ്ങളും ഒരു കണ്ണാടിയിൽ എന്നപോലെ കാണപ്പെടും. ഇവിടുത്തെ മറ്റു കാഴ്ചകളെയൊക്കെ മറന്നാലും കുന്നിൻപള്ളകളിൽ തട്ടുതട്ടായി നിരത്തിയ ആ വെള്ളിത്താലങ്ങളുടെ കാഴ്ച മറക്കുകയില്ല. നിറഞ്ഞ നിലാവുള്ള രാത്രികളിൽ സാവക്കുന്നുകൾ മുത്തുകൊട്ടാരങ്ങളായി മാറുന്നു. പല വിതാനങ്ങളിലായുള്ള പാടങ്ങളിൽനിന്നുയരുന്ന നീരൊഴുക്കിന്റെ കളകളനാദം നമ്മുടെ കാതും കരളും കുളിർപ്പിക്കും.

- ഗദ്യഭാഗത്തെ വർണ്ണനാപരമായ വാക്യങ്ങൾ കണ്ടെത്തുകയും പൊതുവായി അവതരിപ്പിച്ച് നേരത്തെ രൂപീകരിച്ച ധാരണകളെ ഒന്നുകൂടി ഉറപ്പിക്കുകയും ചെയ്യാം.

� നീർപ്പാടങ്ങളായ സാവകളെ എന്തിനോടൊക്കെയാണ് സാമ്യപ്പെടുത്തി/ ബന്ധപ്പെടുത്തി പറഞ്ഞിരിക്കുന്നത്?

� ഇങ്ങനെ പറയുന്നതുകൊണ്ടുള്ള ഗുണം എന്താണ്?

�

### വർണന തയ്യാറാക്കാം

കുട്ടികളുടെ മനസ്സിൽ ആഴത്തിൽ പതിഞ്ഞ ഒരു കാഴ്ചയെ ഇതുപോലെ വർണിച്ച് എഴുതട്ടെ. വായനക്കാരന് നേരനുഭവം ഉണ്ടാക്കുന്ന തരത്തിൽ എഴുതണമെന്നു നിർദ്ദേശിക്കാം.

കുട്ടികൾ വ്യക്തിഗതമായി വർണനാസന്ദർഭം കണ്ടെത്തുകയും മനോഭൂപടം തയ്യാറാക്കുകയും ചെയ്യുന്നത് രചനയെ മികവുറ്റതാക്കും. ഒരു മാതൃക കാണുക.

**മനോഭൂപടം - ഒരു മാതൃക**




കാണാൻ കഴിഞ്ഞ കാര്യങ്ങൾ കേൾവിയുമായി ബന്ധപ്പെട്ടവ, പ്രകൃതിപ്രതിഭാസങ്ങൾ എങ്ങനെ അനുഭവപ്പെട്ടു, വൈകാരികാനുഭവങ്ങൾ എന്നിവ മനോഭൂപടത്തിൽ ഉൾപ്പെടുത്തുന്നതിന് കുട്ടിയെ സഹായിക്കണം.

ടീച്ചർ ഒരു മനോഭൂപടം തയാറാക്കുന്നത് കുട്ടികൾ നിരീക്ഷിക്കട്ടെ. ടീച്ചർ ഒരു സംഭവം/ അനുഭവം/കാഴ്ച എന്നിവയെ അടിസ്ഥാനമാക്കി ചാർട്ടിൽ കുട്ടികളുടെ മുമ്പാകെയാണ് ഇത്

ചെയ്യേണ്ടത്. ഇതുമായി ബന്ധപ്പെട്ട ചിന്താ പ്രക്രിയകളിൽ കുട്ടികൾക്കു വ്യക്തത വരുന്നതിനായി മനോഭൂപടം തയാറാക്കുന്നതിന്റെ തുടക്കം മുതൽ ഒടുക്കം വരെയുള്ള ഓരോ ഘട്ടത്തിലും ടീച്ചർ മനസ്സിൽ ആലോചിക്കുന്ന കാര്യങ്ങൾ ഉറക്കെ പറയേണ്ടതുണ്ട്. ടീച്ചറുടെ മനോഭൂപടം പൂർത്തിയായിക്കഴിഞ്ഞാൽ, എന്തൊക്കെയാണ് കുട്ടികൾ നിരീക്ഷിച്ചത്/മനസ്സിലാക്കിയത് എന്ന് അവർ പറയട്ടെ. ലഘു ചർച്ചയിലൂടെ ആവശ്യമായ വ്യക്തത വരുത്തിയ ശേഷം കുട്ടികൾ സ്വന്തമായി അവരുടെ മനോഭൂപടം തയാറാക്കട്ടെ.

**വർണ്ണന നാലാം തരത്തിൽ**

നാലാംക്ലാസിലാണ് വർണ്ണന എന്ന വ്യവഹാര രൂപം ആരംഭിക്കുന്നത്. എന്നാൽ മൂന്നാം ക്ലാസ്സിൽ വർണ്ണനാപാഠങ്ങളിലൂടെ കുട്ടി കടന്നുപോയിട്ടുണ്ട്. വിശേഷണപദങ്ങൾ ചേർന്നുള്ള ലഘുവാക്യങ്ങൾ മുൻക്ലാസ്സുകളിൽ കുട്ടി പരിചയപ്പെട്ടിട്ടുണ്ട്. വിശേഷണങ്ങൾ, സാമ്യപ്പെടുത്തലുകൾ, ശൈലികൾ എന്നിവ ചേർന്ന വാക്യങ്ങളുപയോഗിച്ച് വർണന തയ്യാറാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. കാഴ്ച, ഗന്ധം, കേൾവി തുടങ്ങിയവയുമായി ബന്ധപ്പെട്ട ചിത്രങ്ങൾ വായനക്കാരന്റെ മനസ്സിലുണർത്താൻ വർണനയ്ക്കു കഴിയണം.

തുടർന്ന്, കുട്ടികൾ വർണന തയ്യാറാക്കട്ടെ.

വർണ്ണന വിലയിരുത്താനുള്ള സൂചകങ്ങൾ വികസിപ്പിക്കുന്നു. നേരത്തെ എത്തിച്ചേർന്ന ധാരണകളെ ഓർമിപ്പിക്കാം.

(നേരിട്ടുകാണുംപോലെ/അനുഭവിക്കുംപോലെ തോന്നണം. മറ്റ് ചില കാഴ്ചകളുമായി ബന്ധപ്പെടുത്താൻ കഴിയണം, വിശേഷണങ്ങൾ ചേർത്തുള്ള വാക്യങ്ങൾ, വാക്യങ്ങൾ തമ്മിൽ ബന്ധം വേണം.)

- സ്വന്തം രചന വ്യക്തിഗതമായി വിലയിരുത്തി മെച്ചപ്പെടുത്തുന്നു.
- നാലംഗ ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു.
- ഓരോരുത്തരുടെയും രചന പരസ്പരം വിലയിരുത്തി നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു.
- ടീച്ചറുടെ വർണന അവതരിപ്പിക്കുന്നു. കുട്ടികൾ അഭിപ്രായങ്ങൾ പറയുന്നു.

### എഡിറ്റിംഗ് പ്രക്രിയ

- വ്യക്തിഗത രചനകളായതിനാൽ പൊതുവായ എഡിറ്റിങ് ഒഴിവാക്കാം. സ്വയം മെച്ചപ്പെടുത്തുന്നതിനുള്ള സൂചകങ്ങൾ പ്രദർശിപ്പിക്കുകയും വേണ്ട വിശദീകരണങ്ങൾ നൽകുകയുമാവാം. കുട്ടികൾ സ്വന്തം രചനയെ മെച്ചപ്പെടുത്തി എഴുതട്ടെ.

  ***വാക്യഘടന:***

  - പദങ്ങളുടെ ക്രമം പാലിച്ചിട്ടുണ്ടോ?
  - ആവശ്യമില്ലാത്ത പദങ്ങൾ ഉണ്ടോ?
  - ആവശ്യമുള്ളവ വിട്ടുപോയിട്ടുണ്ടോ?

  ***പദങ്ങൾ:***

  - പദങ്ങളുടെ ആവർത്തനം വന്നിട്ടുണ്ടോ?
  - അനുയോജ്യമായ പദങ്ങളാണോ?

*അക്ഷരം:*

- അക്ഷരങ്ങൾ വിട്ടുപോയിട്ടുണ്ടോ?
- തെറ്റായി എഴുതിയിട്ടുണ്ടോ?
- ആവർത്തിച്ച് എഴുതിയിട്ടുണ്ടോ?

ഒടുവിൽ സ്വയം വിലയിരുത്താനുള്ള ഫോർമാറ്റുപയോഗിച്ച് ഓരോരുത്തരും വിലയിരുത്തൽ രേഖപ്പെടുത്തട്ടെ.

**ചിത്രം വരയ്ക്കാം**

പ്രകൃതിയുടെ മനോഹാരിത പ്രകടിക്കുന്ന ധാരാളം വർണനകൾ ഗദ്യങ്ങളിലും കവിതകളിലും സിനിമാഗാനശാഖയിലും ഉണ്ട്. അത്തരം രചനകൾ കണ്ടെത്തി നൽകി അനുയോജ്യമായ ചിത്രങ്ങൾ വരക്കാൻ കുട്ടികൾക്കവസരം നൽകാം.

നാളികേരത്തിന്റെ നാട്ടിലെനിക്കൊരു
നാഴിയിടങ്ങഴി മണ്ണുണ്ട്.
അതിൽ നാരായണക്കിളി കൂടുപോലുള്ളൊരു
നാലുകാലോലപ്പുരയുണ്ട്

മാമലകൾക്കപ്പുറത്ത്
മരതകപ്പട്ടുടുത്ത്
മലയാളമെന്നൊരു
നാടുണ്ട്-കൊച്ചു
മലയാളമെന്നൊരു നാടുണ്ട്

പച്ചപ്പട്ടുടുത്ത ഗ്രമകന്യക നൃത്തം ചെയ്യുന്ന വയലേലകൾ, വെള്ളിപ്പാദസരങ്ങൾ കുലുക്കി മലയിടുക്കിലൂടെ ഒഴുകിയെത്തുന്ന കുളിരരുവികൾ, മാമരച്ചില്ലയിൽ കിന്നാരം പറയുന്ന പക്ഷിക്കൂട്ടങ്ങൾ, പകലന്തിയോളം പണിയെടുത്ത് പാടവരമ്പിലൂടെ നടന്നകലുന്ന കർഷകർ. മരത്തണലിൽ വീടുവെച്ചു കളിക്കുന്ന കുട്ടികൾ. ഗ്രാമത്തിന്റെ ശാലീനതയും സൗന്ദര്യവും ഇവിടെ നിറഞ്ഞുകവിയുന്നു.

**ഗാനകൈരളി**

ഗ്രാമസൗന്ദര്യം നിറഞ്ഞുനിൽക്കുന്ന ധാരാളം കവിതകളും സിനിമാഗാനങ്ങളും നാടൻ പാട്ടുകളും നമുക്കുണ്ട്. അവ ശേഖരിച്ച് ഈണത്തോടെ അവതരിപ്പിക്കണം. മികച്ചവ ബാലസഭയിൽ അവതരിപ്പിക്കുകയുമാവാം.

മികച്ച അവതരണത്തിന് പ്രത്യേകം അംഗീകാരം നൽകാം.

പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികൾക്കായി പ്രവർത്തനങ്ങളിൽ ചില മാറ്റങ്ങൾ ഉൾപ്പെടുത്താം. ഇതിനായി സ്കൂൾതലത്തിലും ക്ലസ്റ്ററിലും റിസോഴ്സ് ടീച്ചർമാരുടെ സേവനം ഉപയോഗപ്പെടുത്തണം. ഈ പ്രവർത്തനത്തിന്റെ ഭാഗമായി കവിതകളും ചിത്രങ്ങളും ചേരുംപടി ചേർക്കൽ, കവിതകൾ കേൾപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ആവശ്യങ്ങൾ അനുസരിച്ച് നൽകാവുന്നതാണ്. പഠനപിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് ആവശ്യമായ ചില ഘട്ടങ്ങൾ പ്രക്രിയയിൽ ഉൾപ്പെടുത്തേണ്ടതാണ്.

## വർണന സ്വയം വിലയിരുത്താനുള്ള ഫോർമാറ്റ്
## (ഉല്പന്നം/പ്രക്രിയ)

| സൂചകങ്ങൾ | പ്രതികരണം |
|---|---|
| 1) മനസ്സിലുള്ള ആശയങ്ങളെ ഉൾക്കൊള്ളിക്കാൻ കഴിഞ്ഞിട്ടുണ്ട് | |
| 2) കാഴ്ച, കേൾവി, ഗന്ധം തുടങ്ങിയവയുമായി ബനധപ്പെട്ട ചിത്രങ്ങൾ രൂപപ്പെടുത്താൻ രചനയ്ക്ക് കഴിഞ്ഞിട്ടുണ്ട്. | |
| 3) ഉചിതമായ പദങ്ങൾ, വിശേഷണങ്ങൾ, സാമ്യപ്പെടുത്തൽ എന്നിവ പ്രയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്. | |
| 4) സ്വന്തമായും പരസ്പരവും വിലയിരുത്തി മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. | |
| 6) തന്റെ അഭിപ്രായങ്ങൾ സുഹൃത്തുക്കൾക്കും അധ്യാപികക്കും സ്വീകാര്യമായിട്ടുണ്ട്. | |
| 7) മറ്റുള്ളവർ തന്റെ രചനയെക്കുറിച്ച് പറഞ്ഞ അഭിപ്രായങ്ങൾ ഉൾക്കൊണ്ട് മാറ്റം വരുത്തിയിട്ടുണ്ട്. | |
| 8) സ്വന്തമായി ഇത്തരം രചനകൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. | |

**ചുമർപത്രിക**

ഈ പാഠവുമായി ബന്ധപ്പെട്ട് കുട്ടികൾ നടത്തിയ രചനകൾ ഉൾപ്പെടുത്തി അഞ്ചു പേരുടെ ഗ്രൂപ്പുകൾ ചുമർപത്രിക തയാറാക്കട്ടെ. ഓരോ കുട്ടിയുടെയും പങ്കാളിത്തം ഉറപ്പുവരുത്തുമല്ലോ.

# മഴ കണ്ടകുട്ടി

കുട്ടിയെ സംബന്ധിച്ചിടത്തോളം മഴ അതിരില്ലാത്ത കൗതുകക്കാഴ്ച യാണ്. ചിലപ്പോഴൊക്കെ ശല്യമാകാറുണ്ടെങ്കിലും. മഴയുമായി ബന്ധപ്പെട്ട ധാരാളം ഭാഷാനുഭവങ്ങളുമായാണ് കുട്ടി നാലാം ക്ലാസ്സിൽ എത്തുന്നത്. ഔപചാരികമായും അല്ലാതെയും മഴപ്പാട്ടുകൾ, കഥകൾ, കളികൾ, ചൊല്ലുകൾ, ശൈലികൾ തുടങ്ങിയ ഭാഷാനുഭവങ്ങളിൽ നിന്നും മഴയുടെ വ്യത്യസ്ത ഭാവങ്ങൾ, മഴയുടെ പ്രാധാന്യം എന്നിവ സംബന്ധിച്ച ചില അറിവുകൾ ആർജ്ജിക്കാൻ അവർക്ക് കഴിഞ്ഞിട്ടുണ്ട്.

മഴയുടെ വിഭിന്ന മുഖങ്ങൾ കവിതയായും വിവരണമായും മൂന്നാം ക്ലാസ്സിൽ പഠിച്ചിട്ടുണ്ട്. എന്നാൽ കുറെക്കൂടി ശക്തമായ മഴയനുഭവങ്ങൾ ഈ പാഠത്തിലൂടെ ലഭിക്കുന്നു. മഴമേഘങ്ങളേ, നിങ്ങൾക്കൊപ്പം കളിപ്പാൻ ഞാനും വരട്ടയോ' എന്നചോദ്യം നിഷ്കളങ്ക മനസ്സിന്റെ ഭാവന യാണ്. ഇങ്ങനെ മഴ ഓരോ കുട്ടിയുടെ മനസ്സിലും പെയ്തിറങ്ങുമ്പോൾ ഒഴുകുന്ന കവിതകൾകൊണ്ട് സമൃദ്ധമാണ് നമ്മുടെ സാഹിത്യം. അവ ആസ്വദിക്കാനുള്ള അവസരം കൂടിയാണ് ഈ പാഠഭാഗം.

കവിതാസ്വാദനത്തിനും സാഹിത്യത്തിലെ കവിതാവിഭാഗത്തെ അറിയാനുമുള്ള അവസരമൊരുക്കുകയാണ് ഇവിടെ. കവിത ചൊല്ലൽ, കവിതയിലെ ഇഷ്ടഭാഗം കണ്ടെത്തി കുറിപ്പു തയ്യാറാക്കൽ, സ്വന്തമായി കവിത രചിക്കൽ തുടങ്ങിയ വ്യവഹാരരൂപങ്ങളാണ് പ്രധാന പ്രവർത്തനങ്ങളായി ഒരുക്കിയിട്ടുള്ളത്. ഈ വ്യവഹാരരൂപങ്ങൾ നിരന്തരവിലയിരുത്തലിന് വിധേയമാക്കേണ്ടതുണ്ട്. ഈ മൂന്ന് പ്രധാന പ്രവർത്തനങ്ങളും ഒരു മോഡ്യൂളിന്റെ ഭാഗമാണ്.



**പ്രശ്ന മേഖല: ശാസ്ത്രീയമായ സ്ഥല-ജല മാനേജ്മെന്റിന്റെ അഭാവം**

| ആശയങ്ങൾ | പ്രക്രിയകളും കഴിവുകളും | പ്രകടിതരൂപം | വിലയിരുത്തൽ |
|---|---|---|---|
| • മഴ ആനന്ദിപ്പിക്കുന്ന ഒട്ടേറെ അനുഭവങ്ങൾ നമുക്ക് നൽകുന്നു | • കവിത ഈണത്തിലും താളത്തിലും സംഘമായി ചൊല്ലി അവതരിപ്പിക്കുന്നു. | • കവിതാലാപനം | • കവിതാലപനം - (പഠനപ്രകടനം) അധ്യാപികയുടെ വിലയിരുത്തൽ |
| • അനുയോജ്യമായ ഭാവം, താളം, ഈണം എന്നിവയോടെ ആശയം വ്യക്തമാകും വിധം അവതരിപ്പിക്കുമ്പോഴാണ് കവിതാലാപനം മികവുറ്റതാവുക. | • കവിതയിലെ ഇഷ്ട ഭാഗം തിരഞ്ഞെടുത്ത് ഇഷ്ടപ്പെടാനുള്ള കാരണം വിശദമാക്കുന്ന കുറിപ്പുകൾ തയ്യാറാക്കുന്നു. | • കുറിപ്പ് | • കുറിപ്പ് - ഫോർട്ട്ഫോളിയോ വിലയിരുത്തൽ - അധ്യാപിക |
| • ഭാവനാത്മകതയും അനുയോജ്യമായ പദങ്ങളുടെ വിന്യാസവും കവിതയെ മികവുറ്റതാക്കും. | • മഴയുമായി ബന്ധപ്പെട്ട കവിതകൾ സ്വയം രചിക്കുന്നു. | • കവിത | • കവിതാരചന- ഫോർട്ട്ഫോളിയോ വിലയിരുത്തൽ- അധ്യാപികയും കുട്ടികൾ പരസ്പരവും. |

## മോഡ്യൂൾ 1

ആശയം :
- മഴ ആനന്ദിപ്പിക്കുന്ന ഒരുപാട് അനുഭവങ്ങൾ നമുക്ക് നൽകുന്നുണ്ട്.
- ഭാവനാത്മകതയും അനുയോജ്യമായ പദങ്ങളുടെ വിന്യാസവും കവിതയെ മികവുറ്റതാക്കുന്നു.
- ആശയത്തിനനുയോജ്യമായ താളം, ഈണം ഇവ നൽകി ആശയ വ്യക്തയോടെ അവതരിപ്പിക്കുമ്പോഴാണ് കവിതാലാപനം മികച്ചതാവുക.

കരുതേണ്ട സാമഗ്രികൾ:
- വായനാസാമഗ്രി - മഴക്കവിതകൾ
- ടീച്ചർവേർഷൻ - കവിത, കുറിപ്പ്
- മറ്റു സാമഗ്രികൾ - സന്തോഷകരമായ മഴയനുഭവങ്ങൾ നൽകുന്ന ഹ്രസ്വചിത്രങ്ങൾ/ സിനിമ/ ഡോക്യുമെന്ററി, ചിത്രങ്ങൾ, 1, 2, 3, ക്ലാസുകളിലെ മഴക്കവിതകളുടെ ഫോട്ടോകോപ്പികൾ, 1, 2, 3 ക്ലാസ്സിലെ മലയാളപാഠാവലി

പ്രതീക്ഷിത സമയം :
- 6 മണിക്കൂർ

### ചൊല്ലാം രസിക്കാം

കുട്ടികൾ അവരുടെ ഓർമയിലുള്ള മഴക്കവിതകൾ വ്യക്തിഗതമായി ക്ലാസിൽ ചൊല്ലട്ടെ നാലോ അഞ്ചോ കുട്ടികൾ അവതരിപ്പിക്കട്ടെ. അതിനുശേഷം മഴ നമുക്ക് സന്തോഷകരമായ അനുഭവങ്ങൾ നല്കുന്നുണ്ടോ എന്ന ചോദ്യത്തെ മുൻനിർത്തി ഒരു ലഘു ചർച്ചയാവാം.

### കവിതയിലേക്ക്

❑ മഴ നമുക്ക് സന്തോഷകരമായ അനുഭവങ്ങൾ നൽകുന്നുണ്ടോ? ലഘുചർച്ച - കുട്ടികൾ മഴയുടെ ഹർഷാനുഭവങ്ങൾ പങ്കുവെക്കുന്നു. മഴകണ്ട കുട്ടി എന്ന കവിത കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു. അനുയോജ്യമായ ഈണം കണ്ടെത്തുന്നു. ഗ്രൂപ്പിൽ അവതരിപ്പിച്ച് മികച്ചവ കണ്ടെത്തുന്നു (സൂചകങ്ങൾ വെച്ച്). പൊതു അവതരണത്തിനു ശേഷം ഓരോ ഗ്രൂപ്പിന്റേയും വിലയിരുത്തൽ അവതരിപ്പിക്കുന്നു. അതിനുശേഷം ടീച്ചർ കവിത ചൊല്ലി

അവതരിപ്പിക്കുന്നു/സി.ഡി പ്രയോജനപ്പെടുത്താം. കുട്ടികളുടെ ഈണവുമായി താരതമ്യം - മികവുകൾ എന്തെല്ലാമെന്നതിനെക്കുറിച്ച് ചർച്ച നടത്തട്ടെ.

- ഈണത്തിലുള്ള മാറ്റം (ഉണ്ടെങ്കിൽ) എന്തുകൊണ്ട്?
- കവിതയുടെ ഈണം നിർണയിക്കുന്ന ഘടകങ്ങൾ എന്തെല്ലാമായിരിക്കും? (കവിതയിലെ ആശയം, ഭാവം, പദവിന്യാസം, വരികളുടെ ദൈർഘ്യം.)

തുടർന്ന് എല്ലാവരും ചേർന്ന് കവിതാലാപനം നടത്തുന്നു.

ഈ കവിത വിവിധ ഗ്രൂപ്പുകൾക്ക് ബാലസഭയിൽ അവതരിപ്പിക്കുന്നതിനും അവസരമൊരുക്കാമല്ലോ.

**സൂചകങ്ങൾ**
- ആശയത്തിന് അനുയോജ്യമായ ഭാവം
- അനുയോജ്യമായ ഈണവും താളവും
- ആശയവ്യക്തതയോടെയുള്ള അവതരണം

### കണ്ടെത്താം (TB)

മഴ കുട്ടിക്ക് സന്തോഷം നൽകുന്നു എന്നു സൂചിപ്പിക്കുന്ന വരികൾ കവിതയിൽനിന്നു കണ്ടെത്താനുള്ളതാണ് ഈ പ്രവർത്തനം.

വ്യക്തിഗതമായി കണ്ടെത്തുന്നതിനായി ഓരോരുത്തരും കവിത വീണ്ടും വായിക്കട്ടെ. കണ്ടെത്തിയ വരികൾ കുറിച്ചുവെക്കുന്നു. ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു (എല്ലാവർക്കും അവസരം നൽകണം). സ്വന്തമായി കണ്ടെത്തുന്ന വരി പറയുമ്പോൾ അത് സന്തോഷം നൽകുന്നവരി തന്നെയാണോ എന്ന് മറ്റുള്ളവർ ചർച്ച ചെയ്യുന്നു. അനുയോജ്യമാണെന്നു ബോധ്യപ്പെട്ടാൽ കൂട്ടിചേർക്കുകയുമാവാം. തുടർന്ന് ക്ലാസ്സിൽ അവതരിപ്പിച്ച് പരസ്പരം വിലയിരുത്തുന്നു. ഗ്രൂപ്പുകൾ അവതരിപ്പിക്കുന്ന വരികൾ അധ്യാപിക ബോർഡിൽ എഴുതുന്നു. സംശയമുള്ള വരികൾ ചർച്ചചെയ്യുന്നു. ഏതെങ്കിലും വരികൾ വന്നില്ലെങ്കിൽ അധ്യാപിക കൂട്ടിചേർക്കുന്നു. ചർച്ചാചോദ്യങ്ങളിലൂടെ അവതരിപ്പിക്കുന്ന വരികളുടെ ഔചിത്യം കുട്ടികളിൽ നിന്ന് രൂപപ്പെടാൻ സാധിക്കണം.

**ചർച്ചയിൽ ഉന്നയിക്കാവുന്ന ചോദ്യങ്ങൾ**
- വരികൾ കണ്ടെത്തിയതെങ്ങനെ?
- ചിലവരികൾ സന്തോഷം നൽകുന്നവയാണ് എന്ന് ഉറപ്പാക്കിയതെങ്ങനെ?
- ഇതിനായി നിങ്ങൾ എന്തെല്ലാം ചിന്തിച്ചു?

### ആരാണിവർ (TB)

കവികൾ ആശയങ്ങളെയും വസ്തുക്കളെയും പലപ്പോഴും നേരിട്ട് അവതരിപ്പിക്കാറില്ല. കവികൾക്ക് ചന്ദ്രൻ മാനത്തെ വെള്ളിക്കിണ്ണമാണ്, നക്ഷത്രങ്ങൾ ചിലപ്പോൾ 'മുത്തൊക്കുമത്താഴവറ്റാണ്' ഇതുപോലെ ഒന്നിനെ മറ്റൊന്നായി അവതരിപ്പിക്കുന്ന രീതി മുൻക്ലാസ്സുകളിലെ കവിതകളിൽ കുട്ടികൾ പഠിച്ചിട്ടുണ്ട്. ഓർത്തു നോക്കി അവർ പറയട്ടെ. ഈ സമയത്ത് കുട്ടികളെ ഗ്രൂപ്പുകളാക്കി മുൻക്ലാസുകളിലെ പാഠാവലി നൽകുകയുമാവാം.

അവതരണം - ടീച്ചർ ബോർഡിൽഎഴുതുന്നു. ഇതുപോലുള്ള പ്രയോഗങ്ങൾ 'മഴകണ്ട കുട്ടി' യിലുമുണ്ട്. ആരാണിവർ എന്ന പ്രവർത്തനം വായിച്ച് വ്യക്തിഗതമായി പൂരിപ്പിക്കുന്നു. ഗ്രൂപ്പിൽ ചർച്ച ചെയ്യുന്നു. ഓരോരുത്തരും എഴുതിയത് ന്യായീകരിക്കുന്നു. തുടർന്ന് ക്ലാസ്സിൽ പൊതുവായി അവതരിപ്പിക്കുന്നു അധ്യാപിക ചർച്ചയിലൂടെ ക്രോഡീകരിക്കുന്നു.

**ക്രോഡീകരണം**

മേഘങ്ങളെ കളിക്കൂട്ടുകാരായിട്ടാണ് കുട്ടി കരുതുന്നത്. അതുകൊണ്ടായിരിക്കാം മേഘശകലങ്ങളെ മാനത്തു മണ്ടിനടക്കുന്ന കിടാങ്ങളായി കുട്ടി കരുതുന്നത്. മിന്നൽപ്പിണരുണ്ടാക്കുന്ന മേഘങ്ങളെ തീച്ചരടൊത്തൊരു ചാട്ടവാറായി വിചാരിക്കുന്നു. അന്തിനേരത്ത് മാനത്തു കാണുന്ന ചന്ദ്രനെ രാജാവായും സങ്കല്പിച്ചു പോകാമല്ലോ. ഈ പ്രവർത്തനത്തിൽ കൃത്യമായ ഒരു ഉത്തരത്തിന് കുട്ടികളെ നിർബന്ധിക്കേണ്ടതില്ല. എങ്കിലും പറയുന്ന ഉത്തരത്തിന്റെ യുക്തി അവർക്കു സമർഥിക്കാൻ കഴിയേണ്ടതുണ്ട്.

കവിതയിൽ ഈ രീതി സ്വീകരിക്കുന്നതെന്തിന്? ഇങ്ങനെ അവതരിപ്പിക്കുന്നതിലെ ഭംഗിയെന്ത്? നേരിട്ടു പറഞ്ഞാലുള്ള ദോഷമെന്ത്?

കുട്ടികളുമായി ലഘുചർച്ച.

സ്വന്തം രചനകളിൽ ഈ രീതി സ്വീകരിക്കാൻ കഴിയുമോ? അതിനായി ഏതു തരത്തിൽ ചിന്തിക്കണം. മഴ, ആകാശം, ഇടിമിന്നൽ, തുടങ്ങിയവയെ എങ്ങനെ കാവ്യാത്മകമായി അവതരിപ്പിക്കാം?

**ഇഷ്ടമേറെ, എന്തെന്നാൽ** (TB)

- കുട്ടികൾ വ്യക്തിഗതമായി കവിത ഒരിക്കൽ കൂടി വായിച്ച് ഇഷ്ടപ്പെട്ട ഭാഗം കണ്ടെത്തി എഴുതട്ടെ.
- ഇഷ്ടപ്പെടാനുള്ള കാരണങ്ങൾ കൂടി ചിന്തിച്ച് എഴുതുന്നു. തുടർന്ന് ക്ലാസിൽ പാടി അവതരിപ്പിക്കുകയും ചെയ്യുന്നു.

**ഞാൻ കണ്ട മഴ** (TB)

വൈലോപ്പിള്ളി, കുഞ്ഞുണ്ണി ഇവരുടെ കവിതാശകലങ്ങൾ കുട്ടികൾ വ്യക്തിഗതമായി ചൊല്ലിനോക്കട്ടെ. ചിലരുടേത് ക്ലാസിൽ അവതരിപ്പിക്കാം. ടീച്ചറും അവതരിപ്പിക്കണം. പിന്നീട് കൂട്ടായി കവിത ചൊല്ലിരസിക്കാം.

കവിതാശകലങ്ങളെ തുടർന്ന് ടി.ബി യിൽ നൽകിയ നിർദ്ദേശങ്ങൾ വായിക്കുകയും കുട്ടികൾ തങ്ങളുടെതായ മഴക്കവിതകൾ എഴുതിനോക്കി ഗ്രൂപ്പിൽ അവതരിപ്പിക്കുകയും ചെയ്യട്ടെ. ഗ്രൂപ്പിൽ നിന്ന് മെച്ചപ്പെട്ടത് ക്ലാസിൽ അവതരിപ്പിക്കുന്നു. അവതരണത്തിനുമുമ്പ് മെച്ചപ്പട്ട കവിത കണ്ടെത്തിയതെങ്ങനെയെന്ന് ചർച്ചാചോദ്യങ്ങളിലൂടെ ഓരോഗ്രൂപ്പിനെക്കൊണ്ടും പറയിക്കണം.

**ചർച്ചാചോദ്യങ്ങൾ**

- ആരുടെ രചനയാണ് നിങ്ങൾ തിരഞ്ഞെടുത്തത്?
- ആ കുട്ടിയുടെ കവിതയ്ക്ക് നിങ്ങൾ കണ്ടെത്തിയ മെച്ചങ്ങളെന്തെല്ലാം?
- കവിതയിലെ ആശയമെന്താണ്?
- ആ ആശയത്തെ പ്രകാശിപ്പിക്കാൻ യോജിച്ച എന്തെല്ലാം വരികൾ അതിൽ മികച്ചതായി ഉണ്ടെന്ന് നിങ്ങൾക്ക് എടുത്തു പറയാൻ കഴിയും?
- വരികൾക്കിണങ്ങുന്ന പദങ്ങൾ തന്നെയാണോ?
- ഓരോവരിയും ഈണത്തിലും താളത്തിലും യോജിപ്പുണ്ടോ?
-

ഓരോ ഗ്രൂപ്പിന്റെയും അവതരണത്തിനുശേഷം കവിതകൾ പ്രദർശിപ്പിച്ച് പരസ്പരം തട്ടിച്ചുനോക്കാൻ അവസരം നൽകണം. ഇതിന്മേൽ പൊതുചർച്ച വേണ്ടതില്ല. എന്നാൽ തട്ടിച്ചുനോക്കുമ്പോൾ സ്വയം പരിശോധിക്കേണ്ട തിരഞ്ഞെടുത്ത വരികൾ, വരികൾക്കിണങ്ങുന്ന പദങ്ങൾ, അനുയോജ്യമായ താളം, പരസ്പരം ചേർന്നു നില്ക്കുന്ന വരികൾ, പദങ്ങളുടെ ചേർച്ച, അക്ഷരാവർത്തനം, ശബ്ദഭംഗി തുടങ്ങിയ കാര്യങ്ങൾ സൂചിപ്പിക്കാം. തുടർന്ന് ഓരോ കുട്ടിയും അവരുടെ രചന മെച്ചപ്പെടുത്തി എഴുതുന്നു. എല്ലാവരുടെയും രചനകൾ ചേർത്ത് മഴക്കവിതകൾ പതിപ്പ് നിർമിക്കുന്നു. അനുയോജ്യമായ ചിത്രങ്ങളും വരച്ചു ചേർക്കാൻ അവസരം നൽകാം.

**കവിതാരചന നാലാംതരത്തിൽ**

ഒന്നാം ക്ലാസ്സു മുതൽ കുട്ടികൾ കവിതകളിൽ വരികൾ കൂട്ടിച്ചേർക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ട്. ചില പദങ്ങളും വരികളും മാറ്റിക്കൊണ്ട് താളത്തിനൊപ്പിച്ച് എഴുതുകയാണ് ചെയ്യുന്നത്. എന്നാൽ മൂന്നാം ക്ലാസിലെത്തുമ്പോൾ കുറച്ചുകൂടി ആശയപരമായ ഉള്ളടക്കം ചേർത്ത് കവിത രചിക്കാനവസരം ലഭിക്കുന്നു. കാക്ക, പൂച്ച തുടങ്ങിയ ജീവികളെ കേന്ദ്രമാക്കിയും വസ്തുക്കൾ, വാഹനങ്ങൾ എന്നിവയെക്കുറിച്ചും കവിതയെഴുതാൻ ശ്രമിച്ചിട്ടുണ്ട്. നാലാം ക്ലാസിൽ കവിതാരചനയിൽ ആശയങ്ങൾ വ്യത്യസ്തമായ രീതിയിൽ അവതരിപ്പിക്കാൻ കഴിയണം. അതിനനുയോജ്യമായ പദങ്ങൾ തിരഞ്ഞെടുക്കുക, വിശേഷണങ്ങൾ ഉൾക്കൊള്ളിക്കുക തുടങ്ങിയ ചില സവിശേഷതകൾ കൂടി പ്രതീക്ഷിക്കുന്നു.

# ഒരു വെള്ളപ്പൊക്കത്തിന്റെ ഓർമ്മ

മഴയുടെ മനോഹരമായ മുഖമാണ് മഴ കണ്ട കുട്ടിയിൽ നാം കണ്ടത്. എന്നാൽ പലപ്പോഴും മുടിയഴിച്ച് അലറിവരുന്ന മഴയുടെ ഭീകരരൂപം നാം കണ്ടിട്ടുണ്ട്. മഴയുടെ കുത്തൊഴുക്കിൽ അതിന്റെ സൗന്ദര്യങ്ങളെല്ലാം ഒലിച്ചുപോകും. ദുരിതങ്ങളും കഷ്ടതകളും സമ്മാനിച്ച് അത് കടന്നുപോകും. ഈയൊരവസ്ഥയെക്കുറിച്ച് കുട്ടികൾ അറിയേണ്ടതുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ സഹജീവികളോട് എങ്ങനെ പെരുമാറാമെന്നും ഈ അപകടസന്ധി മറികടക്കാൻ കൂട്ടായി ശ്രമം നടത്തേണ്ടതുണ്ടെന്നുമുള്ള ധാരണ രൂപപ്പെടണം. കഷ്ടതയനുഭവിക്കുന്നവരോട് അനുതാപവും അവരെ സഹായിക്കാനുള്ള സൻമനസ്സും ഉണ്ടാകണം. അങ്ങനെയുള്ള മൂല്യങ്ങളും മനോഭാവങ്ങളും വളരാനാവസരം നൽകാനും ഇവിടെ ഉദ്ദേശിക്കുന്നു. ഇത്തരം സാമൂഹ്യപ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന സാഹിത്യകൃതികൾ ഉണ്ടെന്നുള്ള ധാരണയും അവ വായിക്കാനുള്ള മനോഭാവവും വളരണം. വിവരണം എന്ന വ്യവഹാരരൂപമാണ് പ്രധാനമായും ഈ ഘട്ടത്തിൽ ചർച്ച ചെയ്യുന്നത്. വിവരണം എഴുതേണ്ട ശേഷി നിരന്തരവിലയിരുത്തലിലൂടെ മെച്ചപ്പെടുത്തണം. മുൻപാഠങ്ങളിലും ക്ലാസ്സുകളിലും പരിചയപ്പെട്ട കുറിപ്പ് തയാറാക്കൽ, കത്തെഴുതൽ എന്നീ പ്രവർത്തനങ്ങൾക്കും ഇവിടെ അവസരമുണ്ട്. ഈ പ്രവർത്തനങ്ങൾ കുട്ടി ഇതിനുമുമ്പും ചെയ്തിട്ടുണ്ടെങ്കിലും കുറച്ചുകൂടി ഉയർന്ന തലത്തിൽ ഭാഷാപരമായ മികവോടുകൂടി തയാറാക്കാനുള്ള ശേഷിയാണ് ഉണ്ടാകേണ്ടത്.



**പ്രശ്ന മേഖല: ശാസ്ത്രീയമായ സ്ഥലജലമാനേജ്മെന്റിന്റെ അഭാവം**

| ആശയങ്ങൾ | പ്രക്രിയകളും കഴിവുകളും | പ്രകടിതരൂപം | വിലയിരുത്തൽ |
|---|---|---|---|
| • മഴക്കാലത്തുണ്ടാകുന്ന വെള്ളപ്പൊക്കം, ഇടിമിന്നൽ, കൊടുങ്കാറ്റ് തുടങ്ങിയ കെടുതികൾ മൂലം ജനങ്ങൾ ദുരിതമനുഭവിക്കുന്നു. | • അനുഭവവിവരണം വായിച്ച് ദുരിതമനുഭവിക്കുന്ന ജനങ്ങളുടെ കഷ്ടനഷ്ടങ്ങളെക്കുറിച്ച് കുറിപ്പുണ്ടാക്കുന്നു. | • കുറിപ്പ് | • സ്വയം/പരസ്പരം വിലയിരുത്തൽ |
| • വസ്തുക്കൾ, വ്യക്തികൾ, സംഭവങ്ങൾ, ദൃശ്യങ്ങൾ, ചിത്രങ്ങൾ എന്നിവയുടെ നേരനുഭവം കിട്ടത്തക്കരീതിയിൽ വസ്തുനിഷ്ടമായി പറയുന്നതാണ് വിവരണം. ശൈലികൾ, ചൊല്ലുകൾ, പ്രയോഗങ്ങൾ എന്നിവ വിവരണത്തിന് ശക്തി പകരുന്നു. | • ദൃശ്യങ്ങൾ, അനുഭവങ്ങൾ എന്നിവ ശേഖരിച്ച് കൂട്ടുകാരുമായി പങ്ക് വെക്കുന്നു. ഇഷ്ടപ്പെട്ട ഒന്നിനെക്കുറിച്ച് വിവരണം തയാറാക്കുന്നു. | • വിവരണം | • സൂചകങ്ങൾ വച്ച് പരസ്പരം വിലയിരുത്തൽ<br>• പോർട്ട് ഫോളിയോ വിലയിരുത്തൽ (ഉല്പന്നം, പ്രക്രിയ) |
| | • അനുഭവ വിവരണം വായിച്ച് വിവരണത്തെ മെച്ചപ്പെടുത്തുന്ന ശൈലികൾ, പ്രയോഗങ്ങൾ, ചൊല്ലുകൾ എന്നിവ കണ്ടെത്തി വിവരണം മെച്ചപ്പെടുത്തുന്നു. | • കുറിപ്പ് | • സ്വയം/പരസ്പര വിലയിരുത്തൽ |
| • നമുക്കു വന്നുചേരുന്ന കഷ്ടതകളെ കൂട്ടായ ശ്രമങ്ങളിലൂടെ കുറെയൊക്കെ മറികടക്കാൻ സാധിക്കും. | • അനുഭവ വിവരണത്തെയും സ്വാനുഭവങ്ങളെയും അപഗ്രഥിച്ച് കുറിപ്പ് തയാറാക്കുന്നു. | • ചർച്ച | • പരസ്പരം വിലയിരുത്തൽ, ടീച്ചറുടെ വിലയിരുത്തൽ. |
| • ഒരു ഉദ്ദേശ്യം സാധിക്കുന്നരീതിയിലും അയക്കുന്ന ആളിന്റെ മനോഭാവം പ്രകടമാക്കും വിധത്തിലും ആശയങ്ങൾ ക്രമീകരിച്ചാണ് കത്ത് തയാറാക്കേണ്ടത്. | • അനുഭവ വിവരണത്തിലെ വ്യക്തിയുടെ പ്രവർത്തനത്തെക്കുറിച്ച് സ്വാഭിപ്രായം രൂപീകരിക്കുകയും അഭിനന്ദനക്കത്ത് തയാറാക്കുകയും ചെയ്യുന്നു. | • കത്ത് | |

## മൊഡ്യൂൾ ഒന്ന്

| | |
|---|---|
| ആശയം | : • മഴക്കാലത്തുണ്ടാകുന്ന ഇടിമിന്നൽ, കൊടുങ്കാറ്റ്, വെള്ളപൊക്കം തുടങ്ങിയവമൂലം ജനങ്ങൾ ദുരിതമനുഭവിക്കുന്നു.<br>• വസ്തുക്കൾ, വ്യക്തികൾ, സംഭവങ്ങൾ, ദൃശ്യങ്ങൾ, ചിത്രങ്ങൾ, എന്നിവ നേരനുഭവം കിട്ടത്തക്കരീതിയിൽ വസ്തുനിഷ്ഠമായി പറയുന്നതാണ് വിവരണം. ശൈലികൾ, ചൊല്ലുകൾ, പ്രയോഗങ്ങൾ എന്നിവ വിവരണത്തിന് ശക്തി പകരുന്നു. |
| കരുതേണ്ട സാമഗ്രികൾ: | • മഴക്കാല ദുരിതങ്ങളുമായി ബന്ധപ്പെട്ട വാർത്തകൾ, ഫീച്ചറുകൾ, ഹ്രസ്വചിത്രങ്ങൾ/ സിനിമാ ഡോക്യുമെന്ററി (സി.ഡി, ഡി.വി.ഡി, വി.സി.ഡി, മുതലായവ) ചിത്രങ്ങൾ, ലേഖനങ്ങൾ, വിവരണങ്ങൾ |
| പ്രതീക്ഷിത സമയം | : • 6½ മണിക്കൂർ |

**ചർച്ച**

മഴ എല്ലായ്പ്പോഴും നമുക്ക് സന്തോഷവും സമാധാനവും മാത്രമാണോ നൽകുന്നത്? - ചർച്ച

വ്യത്യസ്ത അഭിപ്രായങ്ങൾ ന്യായീകരിക്കാനായി അവസരം നൽകണം.

കൂടുതൽ അന്വേഷണത്തിനായി പത്രവാർത്തകൾ പരിശോധിക്കട്ടെ.

ഇത്കൂടാതെ മഴക്കെടുതികൾ സംബന്ധിച്ച പ്രാദേശികവാർത്തകൾ പത്രങ്ങളിൽ വന്നത് (ടീച്ചർ ശേഖരിച്ചത്) നൽകുന്നു. കുട്ടികൾ വായിച്ച് നിഗമനങ്ങൾ പങ്കുവയ്ക്കുന്നു. ഇത്തരം കെടുതികളെ വിഷയമാക്കിയിട്ടുള്ള രചനകൾ നമ്മുടെ സാഹിത്യത്തിലുണ്ടോ?

**അനുഭവ വിവരണത്തിലേക്ക്**

'ഒരു വെള്ളപ്പൊക്കത്തിന്റെ ഓർമ്മ' എന്ന അനുഭവ വിവരണം കുട്ടികൾ വായിക്കട്ടെ.

**വായനയിൽ പരിഗണിക്കേണ്ടത്**

- അനുഭവ വിവരണത്തിലെ ഉള്ളടക്കം എന്ത്?
- ആരെയെല്ലാം കുറിച്ചാണ് ഇതിൽ പറയുന്നത്?

വ്യക്തിഗത വായനയ്ക്കു ശേഷം പ്രധാനാശയങ്ങൾ കുറിക്കുന്നു.

- ഗ്രൂപ്പിൽ അവതരണം - ചർച്ച, കൂട്ടിച്ചേർക്കൽ (എല്ലാവർക്കും അവസരം നൽകുന്നു എന്ന് ടീച്ചർ ഉറപ്പാക്കണം)
- പൊതുഅവതരണം
- വിട്ടുപോയ ആശയങ്ങൾ ടീച്ചർ കൂട്ടിചേർക്കണം.

**കുറിപ്പ് തയാറാക്കാം**

വി.വി.കെ. വാലത്തിന്റെ ഓർമക്കുറിപ്പും നാട്ടിലെ മഴക്കെടുതിയും പരിഗണിച്ച് 'മഴയുടെ പേടിപ്പിക്കുന്ന മുഖം' എന്ന പേരിൽ ഒരു കുറിപ്പ് തയാറാക്കൂ. ഓർമക്കുറിപ്പിലെയും വാർത്തകളിലെയും പ്രധാനസംഭവങ്ങൾ എന്തെല്ലാം, ഓരോന്നും മനുഷ്യരെ എങ്ങനെയാണ് ബാധിക്കുന്നത്, തുടങ്ങിയ കാര്യങ്ങൾ കൂടി പരിഗണിച്ചുവേണം കുറിപ്പു തയാറാക്കാൻ.

- വ്യക്തിഗത രചന
- മെച്ചപ്പെടുത്താനുള്ള/ വിലയിരുത്താനുള്ള സൂചകങ്ങൾ - ചർച്ച

- ഗ്രൂപ്പിൽ അവതരണം - ചർച്ച
- മെച്ചപ്പെടുത്തൽ
- ഗ്രൂപ്പിലെ മികച്ചവ പൊതുഅവതരണം.
- ഈ ഘട്ടത്തിൽ ഗ്രൂപ്പുകൾ പരസ്പരം വിലയിരുത്തണം.
- ഒരു ഗ്രൂപ്പിന്റെ രചന എഡിറ്റിങ്ങിനു വിധേയമാക്കുന്നു.

(ആശയപരം, ഘടനാപരം, പദം, അക്ഷരം)

ഇതിന്റെ അടിസ്ഥാനത്തിൽ സ്വന്തം രചന മെച്ചപ്പെടുത്തട്ടെ.

ടീച്ചർ തയാറാക്കിയ കുറിപ്പും അവതരിപ്പിക്കണം.

കുട്ടികളുടെതുമായി താരതമ്യം ചെയ്ത് വിലയിരുത്തിയ ശേഷം മികവുകളും പരിമിതികളും ചർച്ച ചെയ്യണം.

മികച്ച രചനകൾ പ്രദർശിപ്പിക്കുന്നു. രചനാവേളയിലെ ചിന്തകൾ പങ്കുവെക്കുന്നു. വൈവിധ്യമാർന്ന രചന വൈവിധ്യമാർന്ന ചിന്തയുടെ ഉൽപ്പന്നമാണെന്ന് തിരിച്ചറിയുന്നു.

**എന്റെ അനുഭവം (ടി.ബി)**

വി.വി.കെ.വാലത്തിനും സമൂഹത്തിലെ പലർക്കും മഴ നൽകിയ ദുരിതമാണ് നാം ഇതുവരെ കണ്ടത്.

കുട്ടികളുടെ സ്വന്തം ജീവിതത്തിൽ ഉണ്ടായ വിഷമകരമായ ഒരു മഴയനുഭവത്തിന്റെ വിവരണം ഓരോരുത്തരും തയാറാക്കണം. ഈ അനുഭവം അതേ തീവ്രതയോടെ മറ്റൊരാളെ അറിയിക്കാനാണ് വിവരണം തയാറാക്കേണ്ടത്.

**ഗ്രൂപ്പ് പ്രവർത്തനം നടക്കുമ്പോൾ**

സഹവർത്തിതപഠനം ഉറപ്പാക്കുന്ന തന്ത്രമാണ് ഗ്രൂപ്പുപ്രവർത്തനം. പ്രവർത്തനത്തിന്റെ ഓരോ ഘട്ടത്തിലും ഗ്രൂപ്പിലെ എല്ലാ കുട്ടികളുടെയും പങ്കാളിത്തവും ഇടപെടലും ഉറപ്പാക്കുമ്പോൾ മാത്രമേ സഹവർത്തിതപഠനം (Collaborative learning)നടന്നു എന്ന് പറയാനാവൂ.

**തടസ്സം നിലക്കുന്ന ഘടകങ്ങൾ**

- അനുയോജ്യമല്ലാത്ത ക്ലാസ്സുമുറി ക്രമീകരണം
- ഭൗതികസൗകര്യങ്ങളുടെ കുറവ്
- അധ്യാപികയുടെ ഇടപെടൽ കുറവ്
- ചില കുട്ടികളുടെ താല്പര്യക്കുറവ്
- പ്രശ്നം ഫലപ്രദമായി അനുഭവപ്പെടായ്ക.
- ചിലരുടെ അമിതമായ ഇടപെടൽ
- ഗ്രൂപ്പു പ്രവർത്തനത്തിന്റെ ഉല്പന്നവും പ്രക്രിയയും വിലയിരുത്തായ്ക
- അവശ്യമായ സാമഗ്രികളുടെ അഭാവം.

**ഇതിനെ മറികടക്കാൻ**

- ഗ്രൂപ്പു പ്രവർത്തനത്തിനു സഹായകമായ ഇരിപ്പിട സൗകര്യമൊരുക്കുക. ഓരോ ഗ്രൂപ്പിലും ഇടപെട്ട് ആവശ്യമായ സഹായം നൽകുക.
- ലഘു ചോദ്യങ്ങൾ ചോദിക്കുക, ആവശ്യമെങ്കിൽ സൂചനകൾ നൽകുക ആവശ്യമായ സാമഗ്രികൾ നൽകുക.
- ചുമതലകൾ വീതിച്ചു നൽകുക.
- പ്രശ്നം എല്ലാവരും ഏറ്റെടുത്തു എന്നുറപ്പാക്കുക.
- ജനാധിപത്യപരമായ ഇടപെടൽ ഉറപ്പാക്കുക.
- ഗ്രൂപ്പുപ്രവർത്തനത്തിന്റെ പ്രക്രിയയും ഉല്പന്നവും വിലയിരുത്തുക.
- സഹായം നൽകാനും സ്വീകരിക്കാനുമുള്ള മനസ്ഥിതി വളർത്തുക. ഇക്കാര്യത്തിൽ ടീച്ചർ എപ്പോഴും മാതൃകയായിരിക്കുക.
- വ്യക്തിഗതമായി വിവരണം തയാറാക്കട്ടെ.
- ഒന്നോ രണ്ടോ കുട്ടികളുടെ അവതരണം
- കുട്ടികളുടെ രചനയിലെ മികവും ഇനിയും മെച്ചപ്പെടേണ്ടതായ അംശങ്ങളും - ചർച്ച

മികച്ച ഒരു വിവരണമാവാൻ എന്തെല്ലാം ശ്രദ്ധിക്കണം.

- അനുഭവ തീവ്രത
- ആശയങ്ങളുടെ തുടർച്ച
- മികവുറ്റഭാഷാപ്രയോഗങ്ങൾ

തുടർന്ന് വാലത്തിന്റെ അനുഭവ വിവരണത്തിലേക്ക്..അനുഭവവിവരണം മികച്ചതാക്കാൻ വാലത്തിന്റെ രചന ഒരിക്കൽ കൂടി വിശകലനം ചെയ്യാം.

**വിവരണം നാലാം തരത്തിലെത്തുമ്പോൾ**

മൂന്നാം ക്ലാസിലും കുട്ടികൾ വിവരണം തയാറാക്കിയിട്ടുണ്ട്. അതിൽ നിന്ന് കുറച്ചുകൂടി മികച്ച രചനയാണ് നാലിൽ ലക്ഷ്യമിടുന്നത്. രചനാശൈലിയിലും ഉപയോഗിക്കുന്ന പദങ്ങളിലും കുറേകൂടി അനുയോജ്യതയും മികവും പ്രതീക്ഷിക്കുന്നു. ചൊല്ലുകൾ, ശൈലികൾ എന്നിവ ഉപയോഗിക്കാനുള്ള ശ്രമവും കുട്ടി ഈ ഘട്ടത്തിൽ ആരംഭിക്കണം. വിവരണത്തിന്റെ ആശയവ്യക്തതയും തുടർച്ചയും ഈ തലത്തിൽ പ്രതീക്ഷിക്കുന്നു.

**മഴയുടെ ശക്തി (TB)**

മഴയുടെ ശക്തി വ്യക്തമാക്കുന്ന എന്തെല്ലാം പ്രയോഗങ്ങൾ പാഠത്തിലുണ്ട് എന്ന് കണ്ടെത്തി എഴുതുകയും അവതരിപ്പിക്കുകയും വേണം.

- വീണ്ടും വായന
- പ്രയോഗങ്ങൾ വ്യക്തിഗതമായി കുറിക്കുന്നു.
- പൊതു അവതരണം
- പ്രയോഗങ്ങളുടെ ഭംഗി ചർച്ചചെയ്യൽ
- ടീച്ചറുടെ കൂട്ടിച്ചേർക്കൽ

എന്നിവ നടക്കണം.

**ചിലപ്രയോഗങ്ങൾ**

- തുള്ളിക്കൊരുകുടമായി ചെയ്യുന്ന മഴ
- തുമ്പിക്കൈവണ്ണത്തിൽ പെയ്യുന്ന മഴ
- കോരിച്ചൊരിയുന്ന മഴ
- മുറ്റത്തെ പ്രളയജലത്തിൽ മദ്ദളം കൊട്ടുന്ന മഴ

**പരിശോധിക്കാം (ടി.ബി)**

അനുഭവവിവരണത്തിൽ വി.വി.കെ വാലത്ത് പ്രയോഗിച്ച പഴഞ്ചൊല്ലുകളും ശൈലികളും എന്തെല്ലാം? പരിശോധിക്കാം.

ഒരിക്കൽക്കൂടി പാഠം പരിശോധിച്ച് ശൈലികളും പഴഞ്ചൊല്ലുകണ്ടെത്തി എഴുതട്ടെ.

- പൊതു അവതരണം. (ടീച്ചർ ബോർഡിൽ എഴുതുന്നു.)
- ഏതെല്ലാമാണ് ശൈലികൾ എന്നും ഏതെല്ലമാണ് പഴഞ്ചൊല്ലെന്നും കുട്ടികൾ ഊഹിച്ചു പറയട്ടെ. എന്തുകൊണ്ടാണ് അങ്ങനെ പറഞ്ഞതെന്ന് കുട്ടികൾക്ക് പറയാൻ അവസരം നൽകാം.

ചോദ്യങ്ങളുന്നയിച്ചുകൊണ്ടും ഉദാഹരണങ്ങൾ സൂചനകൾ എന്നിവ നൽകിക്കൊണ്ടും ശൈലികളും പഴഞ്ചൊല്ലുകളും തമ്മിലുള്ള വ്യത്യാസമെന്തെന്ന ധാരണ രൂപീകരിക്കണം.

ചർച്ചയുടെ അടിസ്ഥാനത്തിൽ ശൈലികളും പഴഞ്ചൊല്ലുകളും വേർതിരിക്കുന്നു.

- സ്വർണ്ണം കായ്ക്കുന്ന മരമായാലും പുരയ്ക്കുമീതെ വന്നാൽ വെട്ടണം (പഴഞ്ചൊല്ല്)
- അറുത്ത കൈക്ക് ഉപ്പുതേക്കാത്തവൻ (ശൈലി)
- കിഴക്കു വെള്ള കീറുക (ശൈലി)
- വേഗം കെട്ടുകെട്ടി (ശൈലി)
- വിരൽ വെച്ചാൽ കണ്ടിക്കുന്ന ഒഴുക്ക് (ശൈലി)

ഇവയുടെ പ്രയോഗഭംഗി ചർച്ച ചെയ്യണം.

പഴഞ്ചൊല്ലുകളും ശൈലിയും പ്രയോഗങ്ങളും ഉപയോഗിക്കുമ്പോൾ വിവരണത്തിനുണ്ടാകുന്ന ഭംഗിയും ശക്തിയും വിശദമാകുന്ന തരത്തിലാവണം ചർച്ച

- ലിസ്റ്റ് ചെയ്ത ചൊല്ല്/ശൈലി എന്നിവയിലൊന്ന് ഒരു ഗ്രൂപ്പിന് നൽകുന്നു.
- അത് വിവരണത്തിന് നൽകുന്ന ഭംഗിയും ശക്തിയും എന്തെന്ന് ഗ്രൂപ്പുകൾ അവതരിപ്പിക്കുന്നു.
- മറ്റു ഗ്രൂപ്പുകൾ, ടീച്ചർ എന്നിവർ ഇടപെട്ട് വിവരണത്തിനുണ്ടായ മിഴിവിനെക്കുറിച്ച് കണ്ടെത്തലുകൾ കൂട്ടിചേർക്കുന്നു.

**ഭാവം ഉണർത്താൻ (ടി.ബി)**

പേടിപ്പിക്കുന്ന എന്തെല്ലാം സവിശേഷതകളാണ് മലവെള്ളത്തിനുള്ളത്?

- കലങ്ങിച്ചുവന്ന മലവെള്ളം
- പേടിപ്പെടുത്തുന്ന വേഗത
- 'വിഴുങ്ങുവാൻ തല നീട്ടുക' എന്നു പറഞ്ഞതിലൂടെ മനസ്സിലെക്കെത്തുന്ന മലമ്പാമ്പിന്റെ രൂപം.

എന്നീ ആശയങ്ങൾ കുട്ടികളിലെത്തിക്കാൻ അനുയോജ്യമായ ചോദ്യങ്ങളും സൂചനകളും ടീച്ചർ നൽകണം.

*ഉദാ:-*

- എന്തുനിറമാണ് കുത്തിയൊലിച്ചു വരുന്ന മലവെള്ളത്തിനുണ്ടാവുക?
- വളഞ്ഞും പുളഞ്ഞും ഒഴുകിവരുന്ന ഈ കാഴ്ച ഏതെങ്കിലും ജീവിയുടെ രൂപത്തെ ഓർമിപ്പിക്കുമോ?
- ഒഴുക്കിന്റെ വേഗത എങ്ങനെയാണ്?
- വിഴുങ്ങാൻ തലനീട്ടുക എന്ന പ്രയോഗം ഏതെങ്കിലും ജീവിയെ ഓർമിപ്പിക്കുന്നുണ്ടോ?

**ടീച്ചർക്കു വേണ്ടി**

**ശൈലി**

വളരെക്കാലത്തെ പ്രയോഗംകൊണ്ട് പ്രത്യേകമായ ചില അർത്ഥം സ്ഥിരപ്പെട്ടുകാണുന്ന പദമോ പദക്കൂട്ടമോ ആണ് ശൈലി. പദങ്ങളെ ഒറ്റയ്ക്കെടുത്താലുള്ള അർഥമല്ല പദക്കൂട്ടത്തിനുണ്ടാവുക.

*ഉദാ:* 1. കായംകുളംവാൾ - രണ്ടുകക്ഷിയിലും ചേരുന്നയാൾ

2. അർധരാത്രിക്കു കുടപിടിക്കുക - അനാവശ്യമായി ആഡംബരം ചെയ്യുക.

"എല്ലാ ഭാഷകളിലും വാച്യമായ അക്ഷരാർത്ഥത്തിനുപരിയായി ലക്ഷ്യമോ വ്യംഗ്യമോ ആയ അർത്ഥം വഹിക്കുന്ന ചില വാചകങ്ങളുണ്ട്. ഇതു വാച്യാർഥത്തെ ഗണിക്കാത്തതുപോലെ ചിലെടത്ത് വ്യാകരണവിധികളെകൂടി ലംഘിച്ചു കാണും. ഇങ്ങനെയുള്ള വാചകങ്ങളെ അതത് ഭാഷകളുടെ ശൈലി എന്നു പറയുന്നു." എ. ആർ- സാഹിത്യസാഹ്യം.

**പഴഞ്ചൊല്ല്**

ഏതെങ്കിലും ഒരു പ്രത്യേക കാര്യം പറഞ്ഞുകൊണ്ട് പൊതുവായ ഒരാശയത്തെ സൂചിപ്പിക്കുന്ന ഭാഷാപ്രയോഗമാണ് പഴഞ്ചൊല്ല്.

*ഉദാ:* മിന്നുന്നതെല്ലാം പൊന്നല്ല.

പുറമേയ്ക്ക് ആകർഷണീയമായി/നല്ലതായി തോന്നുന്ന വസ്തുക്കളോ വ്യക്തികളോ യഥാർത്ഥത്തിൽ അങ്ങനെ ആകണമെന്നില്ല.

## നേരനുഭവം (TB)

വി.വി.കെ. വാലത്തിന്റെ രചനയിൽ ഏതെല്ലാം സന്ദർഭങ്ങളിലാണ് നിങ്ങൾക്ക് നേരിൽ കാണുന്ന പോലെയോ കേൾക്കുന്നപോലെയോ ഉള്ള അനുഭവം ഉണ്ടാകുന്നത്?

വ്യക്തിഗതമായി സന്ദർഭങ്ങൾ എഴുതി അവതരിപ്പിക്കുമ്പോൾ ടീച്ചർ ബോർഡിൽ എഴുതുന്നു. വിട്ടുപോയവ മറ്റു കുട്ടികൾ/ ടീച്ചർ കൂട്ടിച്ചേർക്കുന്നു.

- ചർച്ച - എന്തുകൊണ്ടാണ് നേരിട്ടനുഭവിക്കുന്നതുപോലെ നമ്മൾക്കു തോന്നുന്നത്?
- അധ്യാപികയുടെ ക്രോഡീകരണം.

ഒരു സന്ദർഭത്തിലെ/ സംഭവത്തിലെ കാണാൻ കഴിയുന്നതും കേൾക്കാൻ കഴിയുന്നതുമൊക്കെയായ കാര്യങ്ങൾ എടുത്തു പറയുമ്പോഴാണ്/ എഴുതുമ്പോഴാണ് നേരനുഭവം ഉണ്ടാകുന്നത്.

നേരിൽ കാണുന്ന തോന്നൽ ഉണ്ടാക്കുന്നതരത്തിലും ശൈലികൾ, ചൊല്ലുകൾ എന്നിവ കൃത്യമായി ഉപയോഗിക്കുമ്പോഴും ആശയങ്ങളുടെ തുടർച്ച ഉറപ്പാക്കുകയും ചെയ്യുമ്പോഴാണ് വിവരണം മികച്ചതാവുക.

**വിവരണം മെച്ചപ്പെടുത്താം.**

വിവരണത്തെക്കുറിച്ച് നേടിയ ധാരണയുടെ അടിസ്ഥാനത്തിൽ കുട്ടികൾ മുൻപ് തയാറാക്കിയ വിവരണം മെച്ചപ്പെടുത്തട്ടെ.

- ഗ്രൂപ്പിൽ അവതരണം - പരസ്പരം വിലയിരുത്തൽ (സൂചകങ്ങൾ വെച്ച്)
- ചർച്ച
- മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ കൈമാറൽ
- ടീച്ചറുടെ രചന അവതരണം. സ്വന്തം രചനയുമായി താരതമ്യം. കണ്ടെത്തലുകൾ രൂപപ്പെടുന്നു.
- ചർച്ച ക്രോഡീകരണം
- പുതിയ ധാരണയുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തൽ.

കുട്ടികൾ ഭാഷാപരമായ എഡിറ്റിങ് സ്വയം നടത്തുന്നു. (എഡിറ്റിംഗ് വിശദാംശ പേജ് 16 മുതൽ 19 വരെ കാണുക)

**ആൽബം തയാറാക്കാം**

മഴക്കാലത്തിന്റെ ഹർഷവും ദുരിതവും ഉൾക്കൊള്ളുന്ന ആൽബം തയാറാക്കണം.

ആൽബത്തിൽ എന്തെല്ലാം ഉൾപ്പെടുത്തണം.

- വാർത്തകൾ
- ചിത്രങ്ങൾ
- പരസ്യങ്ങൾ
- 

ആൽബത്തിൽ വ്യത്യസ്ത ഇനങ്ങൾ തരംതിരിച്ചുവയ്ക്കേണ്ടതിന്റെയും തലക്കെട്ട്, അടിക്കുറിപ്പ് എന്നിവ സ്വന്തമായി നല്കി ഭംഗിയാക്കേണ്ടതിന്റെയും ആവശ്യകത കുട്ടികളോട് ചർച്ച ചെയ്യണം. മുതിർന്നവർ തയാറാക്കിയ മികച്ച ആൽബങ്ങൾ പരിചയപ്പെടുത്തിക്കൊണ്ട് ഈ ചർച്ച നടത്തുന്നതാണ് നല്ലത്.

ഗ്രൂപ്പുകളിൽ ആൽബം തയാറാക്കി വിലയിരുത്തണം. ആൽബത്തിന്റെ ലേഔട്ട്, ചിത്രങ്ങളുടെയും വാർത്തകളുടെയും തെരഞ്ഞെടുപ്പ്, തലക്കെട്ട്, അടിക്കുറിപ്പ് എന്നിവയുടെ ഔചിത്യം തുടങ്ങിയ കാര്യങ്ങൾ പരിഗണിക്കണം.

**CPTA/ ബാലസഭ**

കുട്ടികളുടെ രചനകൾ, ആൽബം, എന്നിവ CPTA യിൽ പ്രദർശിപ്പിക്കാം.

ആകർഷകമായ അനുഭവവിവരണത്തിനുള്ള അവസരം ബാലസഭയിൽ ഉണ്ട്.

ഇത്തരം അവസരങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തിക്കൊണ്ടുമാത്രമേ രചനകൾ നടത്താനും മെച്ചപ്പെടുത്താനുമുള്ള അഭിപ്രേരണ (motivation) കുട്ടികളിൽ സൃഷ്ടിക്കാൻ നമുക്കാവുകയുള്ളൂ.

### വിവരണം വിലയിരുത്താനുള്ള ഫോർമാറ്റ്
### (ഉല്പന്നവും പ്രക്രിയയും)

| | മികച്ച രീതിയിൽ | ഏറെ ക്കുറെ | കുറേശ്ശെ | വളരെ ക്കുറച്ച് |
|---|---|---|---|---|
| 1. വിവരണം ആകർഷകമായി അവതരിപ്പിച്ചി ട്ടുണ്ട്. | | | | |
| 2. ആശയത്തിന് സ്വാഭാവികമായ തുടർച്ച ഉറപ്പാക്കിയിട്ടുണ്ട്. | | | | |
| 3. വിവരണത്തിൽ ശൈലികളും ചൊല്ലു കളും പ്രായോഗിക്കുന്നുണ്ട്. | | | | |
| 4. സംഭവങ്ങൾ നേരിൽ കാണുന്ന പ്രതീതി ഉളവാക്കുന്നുണ്ട്. | | | | |
| 5. വ്യക്തിഗതമായി രചന നടത്തുകയും മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. | | | | |
| 6. പരസ്പരവിലയിരുത്തലിലൂടെ ആശയ ങ്ങൾ കൈമാറാനും ഉൾക്കൊള്ളാനും കഴി ഞ്ഞിട്ടുണ്ട്. | | | | |
| 7. ആദ്യരചനയിൽ നിന്നും വളരെയേറെ മാറ്റം പിന്നീട് ഉണ്ടായിട്ടുണ്ട്. | | | | |

### മൊഡ്യൂൾ രണ്ട്

| | | |
|---|---|---|
| ആശയം | : | • നമുക്ക് വന്നുചേരുന്ന കഷ്ടതകളെ കൂട്ടായ ശ്രമങ്ങളിലൂടെ കുറെയൊക്കെ മറി കടക്കാൻ സാധിക്കും.<br>• ഒരു ഉദ്ദേശ്യം സാധിക്കുന്ന രീതിയിലും അയക്കുന്ന ആളിന്റെ മനോഭാവം പ്രകട മാകും വിധത്തിലും ആശയങ്ങൾ ക്രമീകരിച്ചാണ് കത്ത് തയ്യാറാക്കേണ്ടത്. |
| കരുതേണ്ട സാമഗ്രി | : | • അനുഭവ വിവരണം, കത്തിന്റെ മാതൃകകൾ |
| പ്രതീക്ഷിത സമയം | : | • 3 മണിക്കൂർ |

**പ്രശ്നാവതരണം:**

കുട്ടികൾ തയാറാക്കിയ വിവരണത്തിൽ അവരനുഭവിച്ച പ്രശ്നങ്ങളാണുള്ളത്. അവരുടെ വിഷമങ്ങൾ എങ്ങനെയാണ് മാറിയത്. അതിനവർക്ക് ആരുടെയെങ്കിലും സഹായം ലഭിച്ചിരുന്നുവോ?

കഷ്ടതകൾ വരുമ്പോൾ മനുഷ്യൻ പെരുമാറേണ്ടത് എങ്ങനെയാണ്? കുട്ടികൾ അഭിപ്രായം പറയട്ടെ. അവ രേഖപ്പെടുത്തണം. വി.വി.കെ വാലത്തിന്റെ അനുഭക്കുറിപ്പിൽ നിന്നും ഇതിനെന്തെങ്കിലും പാഠം നമുക്ക് കണ്ടെത്താനാവുമോ?

**വെള്ളപ്പൊക്കം വന്നപ്പോൾ**

പേടിച്ച് വിറച്ചിരിക്കുന്ന കുട്ടികൾ. അവർക്കെങ്ങനെയാണ് ആശ്വാസവും സന്തോഷവും ലഭിച്ചത്? പാഠത്തിലെ ആദ്യത്തെ രണ്ടു ചിത്രങ്ങളും പാഠഭാഗവും പരിശോധിക്കൂ. താഴെകൊടുത്ത ചാർട്ട് പൂർണ്ണമാക്കൂ.




മുകളിൽ കൊടുത്ത ഫ്ളോചാർട്ട് ടീച്ചർ അവതരിപ്പിക്കുന്നു. ചേട്ടൻ, ഹസ്സൻമാപ്പിള, അച്ഛൻ എന്നിവർ കഷ്ടകാലം വന്നപ്പോൾ എന്താണ് ചെയ്തത് എന്ന് നിശ്ചിത കോളത്തിൽ എഴുതണം.

ഗ്രൂപ്പിൽ ചർച്ച ചെയ്ത് ഫ്ളോചാർട്ട് പൂർത്തിയാക്കണം. ടീച്ചർ ആവശ്യമായ ഘട്ടത്തിൽ ഇട പെടണം.

**കഷ്ടകാലം വന്നാൽ**

കഷ്ടപ്പാടുകളും ദുരിതങ്ങളും വരുമ്പോൾ എങ്ങനെയാണ് നാം പ്രവർത്തിക്കേണ്ടത്? മുക ളിലെ ഫ്ളോചാർട്ട് അവലംബമാക്കി ഒരു കുറിപ്പ് തയാറാക്കൂ. സ്വന്തം അനുഭവങ്ങളും (എന്റെ അനുഭവം-മുൻ മോഡ്യൂളിലെ കുറിപ്പ്) കണക്കിലെടുക്കണം.

- വ്യകതിഗതമായി എഴുതുന്നു.
- ഗ്രൂപ്പിന്റെ രചനയുണ്ടാക്കാനായി ഗ്രൂപ്പുപ്രവർത്തനം നടത്തുന്നു.
- ഓരോരുത്തരും പറയൽ, ചർച്ച ചെയ്ത് അംഗീകരിക്കൽ (ഇത് കൃത്യമായി നടക്കാനുള്ള ചുമതലാവിഭജനം നടന്നിരിക്കണം.)
- ഗ്രൂപ്പുകളുടെ രചന പൊതു അവതരണം ചർച്ച കുട്ടികൾ സൂചകങ്ങൾ വച്ചു വിലയിരുത്തണം.
- ടീച്ചറുടെ കുറിപ്പ് അവതരണം.
- ഒരു ഗ്രൂപ്പിന്റെ രചന എഡിറ്റിംഗിനായി ഉപയോ ഗിക്കുന്നു. (ആശയപരം, ഭാഷാപരം....)

- കഷ്ടതകളിൽ നിന്നും രക്ഷപ്പെടാ നുള്ള വഴി അന്വേഷിക്കണം.
- കഴിയുന്ന സഹായങ്ങൾ പരസ്പരം നൽകണം.
- കൂടെയുള്ളവരെ സമാധാനിപ്പിക്കണം.
- ധൈര്യത്തോടെ പ്രവർത്തിക്കണം.
- പ്രതീക്ഷ കൈവെടിയാതെ പ്രവർത്തി ക്കണം.

**എന്റെ അഭിപ്രായം (ടി.ബി)/കത്തെഴുതാം.**

ഹസ്സൻ മാപ്പിളയെക്കുറിച്ച് നാട്ടിലുള്ള സംസാരത്തെപ്പറ്റി കുട്ടികൾ തങ്ങൾക്കുള്ള അഭിപ്രായങ്ങൾ സ്വതന്ത്രമായി പറയട്ടെ. ഇതിനായി 'അറുത്തകൈക്ക് ഉപ്പുതേക്കാത്തവൻ' എന്ന ശൈലിയുടെ അർത്ഥമെന്തെന്ന് ലഘുവായി ചർച്ച ചെയ്യേണ്ടിവരും. തുടർന്ന്, പ്രവർത്തനത്തിൽ നിർദ്ദേശിച്ചതുപോലുള്ള ഒരു കത്ത് കുട്ടികൾ വ്യക്തിഗതമായി എഴുതട്ടെ. മൂന്നാം തരത്തിൽ ലഭിച്ച മുൻപരിചയവും കുട്ടികളുടെ ഓർമയിൽ കൊണ്ടുവരാം.

- ഗ്രൂപ്പിൽ അവതരണം - സൂചകങ്ങൾ വച്ചു ചർച്ച
- ഗ്രൂപ്പിൽ മികച്ചതായി തെരഞ്ഞെടുത്ത കത്ത് അവതരണം.
- ടീച്ചറുടെ കത്തവതരണം
- സ്വയം തട്ടിച്ചുനോക്കൽ
- സ്വന്തം കത്ത് മെച്ചപ്പെടുത്തിയഴുതൽ

**എഴുത്തുകാരനെ പരിചയപ്പെടാം**

**വി.വി.കെ വാലത്ത്**

1918 ൽ എറണാകുളം ജില്ലയിലെ ചേരനല്ലൂരിൽ ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസശേഷം രണ്ടാം ലോക മഹായുദ്ധകാലത്ത് സിവിലിയൻ ക്ലാർക്കായി പട്ടാളത്തിൽ ചേർന്നു. സ്വാതന്ത്ര്യസമര പ്രേരിതമായ കൃതികൾ രചിച്ചതിനാൽ പിരിച്ചു വിടപ്പെട്ടു. തുടർന്ന് അധ്യാപക ജോലിയിൽ. നവയുഗം വാരികയുടെ സഹപത്രാധിപരായിരുന്നു. 1999 ൽ സമഗ്രസംഭാവനയ്ക്കുള്ള കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചു.

ഇടിമുഴക്കം, മിന്നൽ, ഞാൻ ഇനിയുംവരും, സംഘകാലകേരളം, ചരിത്രകവാടങ്ങൾ, കേരളത്തിലെ സ്ഥലനാമ ചരിത്രങ്ങൾ എന്നിവയാണ് പ്രധാനകൃതികൾ.

2000 ഡിസംബർ 31 ന് അന്തരിച്ചു.

# ഒടുക്കത്തെ ഉറവ

ജലത്താൽ സമൃദ്ധമായ ഒരു നാട് അശ്രദ്ധയും അലംഭാവവും കലർന്ന പ്രവൃത്തികൾകൊണ്ട് കൊടുംവരൾച്ചയുടെ പിടിയിലമരുന്ന കഥയാണ് ഒടുക്കത്തെ ഉറവ. ഈ ദുരവസ്ഥയ്ക്കുള്ള പരിഹാരമെന്തെന്ന സൂചനയും ഈ കഥ ഉൾക്കൊള്ളുന്നു. സമൃദ്ധിയുടെ നാടായ മേഘപുത്രം ജീവജലത്തിന്റെ അഭാവം മൂലം ശവപ്പറമ്പായി മാറുന്നത് നടുക്കത്തോടെ അനുഭവിപ്പിക്കാനും നമ്മുടെ നാടിന്റെ ഇന്നത്തെ അവസ്ഥയുമായുള്ള താരതമ്യ ചിന്തയിലൂടെ ജലക്ഷാമം മൂലം ദുരിതമനുഭവിക്കുന്ന ജനങ്ങൾ നമ്മുടെ ഇടയിലുണ്ടെന്ന തിരിച്ചറിവിലേക്ക് ഉണരാനും ഈ പാഠത്തെ പ്രയോജനപ്പെടുത്തണം.

ചിത്രത്തിന് അടിക്കുറിപ്പ് നൽകൽ, കഥവായിച്ചു കൊണ്ടുള്ള അപഗ്രഥന പ്രവർത്തനങ്ങൾ, ശ്രാവ്യവായന, അഭിപ്രായക്കുറിപ്പ് തയാറാക്കൽ എന്നിവയടങ്ങിയ ആദ്യമൊഡ്യൂളും വാർത്ത തയാറാക്കൽ, സംഭാഷണം രചിച്ച് നാടകം പൂർത്തിയാക്കൽ, അവിടെയും ഇവിടെയും (താരതമ്യ കുറിപ്പ് തയാറാക്കൽ) തുടങ്ങിയ പഠനപ്രവർത്തനങ്ങളടങ്ങിയ രണ്ടാം മൊഡ്യൂളുമായിട്ടാണ് മേൽപ്പറഞ്ഞ ആശയരൂപീകരണം നടത്തേണ്ടത്. അതോടൊപ്പം, വാർത്ത എന്ന വ്യവഹാരരൂപം സംബന്ധിച്ച കൃത്യമായ ധാരണകൾ രൂപീകരിക്കാനും കഴിയേണ്ടതുണ്ട്. മുൻ ക്ലാസ്സിൽ നിന്നും മുൻപാഠത്തിൽ നിന്നും വാർത്ത സംബന്ധിച്ചു നേടിയ പരിചയത്തെ ഇവിടെ പ്രയോജനപ്പെടുത്തണം. സംഭാഷണ രചനയിൽ കൂടി നേടിയ മുന്നറിവുകളെ പ്രയോജനപ്പെടുത്തി നാടക ഭാഗം പൂർത്തീകരിക്കുന്നതു വഴി നാടകത്തെക്കുറിച്ചുള്ള പ്രാഥമിക ധാരണകൾ രൂപീകരിക്കാനും ഈ പാഠത്തിലൂടെ കഴിയും. നാടകീയത മുറ്റി നിൽക്കുന്ന ഇതിലെ കഥാസന്ദർഭങ്ങൾ അതിന് ഏറെ പ്രയോജനകരമാണ്.



**പ്രശ്ന മേഖല: ശാസ്ത്രീയമായ സ്ഥലജലമാനേജ്മെന്റിന്റെ അഭാവം**

| ആശയങ്ങൾ | പ്രക്രിയകളും കഴിവുകളും | പ്രകടിതരൂപം | വിലയിരുത്തൽ |
|---|---|---|---|
| • ജലസമ്പത്ത് സംരക്ഷിക്കുന്നതിൽ മനുഷ്യൻ കാട്ടുന്ന അശ്രദ്ധ മൂലം കൊടും വരൾച്ച യനുഭവപ്പെടുന്നു.<br>• ഉദ്ദേശിച്ച ആശയം ചുരുങ്ങിയ വാക്യങ്ങൾ കൊണ്ട് ക്രമീകരിച്ച് എഴുതുന്നതാണ് കുറിപ്പ്. | • ജലക്ഷാമം മൂലമുള്ള ദുരിതങ്ങൾ പ്രമേയമായിവരുന്ന കഥ വായിച്ച് അപഗ്രഥനപരമായ ചർച്ചകൾ നടത്തുന്നു, കുറിപ്പുകൾ തയാറാക്കുന്നു. | • അടിക്കുറിപ്പ്<br>• അഭിപ്രായക്കുറിപ്പ് ചർച്ച | • അഭിപ്രായക്കുറിപ്പ് ഫോർട്ട്ഫോളിയോ വിലയിരുത്തൽ, സ്വയം വിലയിരുത്തൽ, പരസ്പരം വിലയിരുത്തൽ |
| • ജലക്ഷാമം മൂലം ദുരിതമനുഭവിക്കുന്ന ജനങ്ങൾ നമുക്കിടയിലുണ്ട്<br>• നടന്ന സംഭവങ്ങളെ, വായനാതാല്പര്യം ഉണർത്തുന്ന വിധത്തിലുള്ള ശീർഷകം, സ്ഥലകാല സൂചനകൾ, മറ്റു വിശദാംശങ്ങൾ എന്നിവ ഉൾപ്പെടുത്തി ലളിതമായ ഭാഷയിലും പ്രാധാന്യക്രമത്തിലും എഴുതുമ്പോഴാണ് നല്ലൊരു വാർത്ത ഉണ്ടാകുന്നത്.<br>• കഥയെ നാടകമാക്കുമ്പോൾ സംഭവങ്ങൾ, അവ നടക്കുന്ന രംഗങ്ങൾ തയാറാക്കൽ, കഥാപാത്രങ്ങളുടെ സ്വഭാവത്തിന് യോജിച്ച സംഭാഷണങ്ങൾ എഴുതൽ എന്നിവയിൽ ശ്രദ്ധിക്കേണ്ടതുണ്ട്. | • വാർത്ത തയ്യാറാക്കാനായി കഥയും വാർത്താമാതൃകകളും പരിശോധിക്കുകയും വാർത്ത തയ്യാറാക്കി സ്വയവും പരസ്പരവും വിലയിരുത്തി മെച്ചപ്പെടുത്തുകയും ചെയ്യുന്നു.<br>• നാടകപൂരണം സംബന്ധിച്ച ചർച്ച നടത്തുകയും നാടകം പൂർത്തിയാക്കിയ ശേഷം മെച്ചപ്പെടുത്തി അവതരിപ്പിക്കുകയും ചെയ്യൽ.<br>• കഥയിലെ അവസ്ഥയെ നമ്മുടെ നാട്ടിലെ അവസ്ഥയുമായി താരതമ്യം ചെയ്യുകയും വിശകലനം നടത്തുകയും ചെയ്യുന്നു. താരതമ്യക്കുറിപ്പ് തയാറാക്കുന്നു. | • വാർത്ത<br>• വാർത്താപത്രിക<br>• നാടകം പൂർത്തീകരിക്കൽ<br>• ബാലസഭയിലെ അവതരണം<br>• താരതമ്യക്കുറിപ്പ് | • വാർത്ത, നാടക പൂരണം എന്നിവ ഫോർട്ട് ഫോളിയോ വിലയിരുത്തൽ സ്വയം - പരസ്പരം വിലയിരുത്തൽ. |

## മൊഡ്യൂൾ ഒന്ന്

| | | |
|---|---|---|
| ആശയം | : | • ജലസമ്പത്ത് സംരക്ഷിക്കുന്നതിൽ മനുഷ്യൻ കാട്ടുന്ന അശ്രദ്ധ മൂലം കൊടും വരൾച്ചയനുഭവപ്പെടുന്നു.<br>• ഉദ്ദേശിച്ച ആശയം ചുരുങ്ങിയ വാക്യങ്ങൾ കൊണ്ട് ക്രമീകരിച്ച് എഴുതുന്നതാണ് കുറിപ്പ്. |
| കരുതേണ്ട സാമഗ്രികൾ | : | • കുടിവെള്ള ക്ഷാമത്തിന്റെ രൂക്ഷത വ്യക്തമാക്കുന്ന ചിത്രം.<br>• കഥാസന്ദർഭ സൂചനകൾ എഴുതിയ കടലാസ്സു കഷ്ണങ്ങൾ. |
| പ്രതീക്ഷിത സമയം | : | • 5 മണിക്കൂർ. |

### ചിത്രവും അടിക്കുറിപ്പും

കുടിവെള്ളത്തിനായി പൈപ്പിൽ ചുവട്ടിൽ
പാത്രങ്ങൾ നിരത്തിവെച്ച് കാത്തിരിക്കുന്ന
കുടുംബങ്ങൾ....ലോറിയിൽ വെള്ളം വിത
രണം ചെയ്തു കൊണ്ടിരിക്കുന്നു.
(ചിത്രം)

ഈ ചിത്രം വിദ്യാലത്തിലെ മുതിർന്ന കുട്ടികളുടെ/ ചിത്രകലാദ്ധ്യാപകന്റെ/ എസ്.എസ്.ജി അംഗങ്ങളുടെ/ സഹായത്താൽ മുൻകൂട്ടി വരപ്പിച്ചെടുക്കാം. അല്ലെങ്കിൽ സമാനമായ ആശയം വരുന്ന ചിത്രങ്ങൾ, പത്രങ്ങൾ, മാസികകൾ എന്നിവയിൽ നിന്ന് ശേഖരിച്ചാലും മതി. പാഠഭാഗത്തെ (പേജ് നമ്പർ 24, 25) ചിത്രവും ഉപയോഗപ്പെടുത്താം.

ഈ ചിത്രത്തിന് വ്യക്തിഗതമായി ഓരോരുത്തരും അടിക്കുറിപ്പ് എഴുതട്ടെ. എഴുതിയ അടിക്കുറിപ്പ് ഗ്രൂപ്പിൽ വായിച്ചവതരിപ്പിച്ച് ഗ്രൂപ്പിൽ നിന്ന് മികച്ച ഒരു അടിക്കുറിപ്പ് കണ്ടെത്തി അവതരിപ്പിക്കുന്നു. ഗ്രൂപ്പ് അവതരിപ്പിക്കുമ്പോൾ അത്തരം ഒരു അടിക്കുറിപ്പ് തെരഞ്ഞെടുത്തതിലെ ഔചിത്യം കൂടി പറയണം. ഓരോ ഗ്രൂപ്പും പറയുന്ന അടിക്കുറിപ്പ് ചാർട്ട് ചെയ്യുന്നു. തുടർന്ന് ടീച്ചറുടെ അടിക്കുറിപ്പും അതിനൊടൊപ്പം ചേർക്കാം.

**എന്തൊക്കെയാവാം**

- നാടുമുഴുവൻ കുടിനീരിനായി തേങ്ങുന്നു.
- വരളും കണ്ഠത്തോടെ കാത്തുകാത്തിരിക്കുന്നു.
- 
- 
- 

ഇത്തരം ചിത്രങ്ങൾ/ദൃശ്യങ്ങൾ/അനുഭവങ്ങൾ പറയുവാൻ കുട്ടികൾക്ക് അവസരമൊരുക്കുന്നതിനായി ക്ലാസിൽ ഒരു ലഘു ചർച്ചയാകാം.

**ചർച്ചാ ചോദ്യങ്ങൾ**

- "ടാപ്പിൽ നിന്ന് പാത്രത്തിലേക്കു വീഴുന്ന വെള്ളം നിറഞ്ഞുമറിയുന്നു". ഇതു പോലുള്ള കാഴ്ചകൾ നിങ്ങൾ കാണാറുണ്ടോ? ഇതു ശരിയാണോ? എന്താണ് നിങ്ങളുടെ അഭിപ്രായം?
- പണ്ട് വേനൽക്കാലത്തുപോലും കുളവും കിണറും വറ്റാറില്ല. ഇന്ന് നിങ്ങളുടെ വീട്ടിലും പരിസരത്തും സ്ഥിതി എന്താണ്?
- കുടിനീര് കിട്ടാതെ വലയുന്നവരെക്കുറിച്ചുള്ള കഥകൾ നിങ്ങൾ വായിച്ചിട്ടുണ്ടോ?

**കഥാവായന (ഒടുക്കത്തെ ഉറവ)**

- ഈ കഥയ്ക്ക് 'ഒടുക്കത്തെ ഉറവ' എന്ന പേരു വരാൻ എന്തായിരിക്കും കാരണം?
- കഥാപാത്രങ്ങൾ ആരായിരിക്കും?
- കഥ നടന്ന സ്ഥലത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?
- കഥയുടെ സന്ദേശം എന്തായിരിക്കും?

കഥയുടെ വായന നടത്തും മുമ്പ് കുട്ടികൾ അവരുടെ ഊഹം അവതരിപ്പിക്കട്ടെ. ഊഹം എത്രമാത്രം ശരിയാണ് എന്നു പരിശോധിക്കാൻ പാഠവായന നടത്തുന്നു. വയനയ്ക്കുശേഷം ഓരോരുത്തരും താഴെപ്പറയുന്ന ആശയഭൂപടം തയാറാക്കട്ടെ.




**ഇഷ്ടകഥാപാത്രം**

കുട്ടികൾ ഇഷ്ടപ്പെട്ട കഥാപാത്രത്തെ പറയട്ടെ. ഒപ്പം എന്തുകൊണ്ടാണ് ഇഷ്ടം എന്നുകൂടി പറയണം. ഓരോരുത്തരും അവൻ കണ്ടെത്തിയ കഥാപാത്രത്തിന്റെ സവിശേഷതകൾ കണ്ടെത്തി അത്തരം സന്ദർഭങ്ങൾ/സംഭാഷണഭാഗങ്ങൾ ക്ലാസ്സിൽ അവതരിപ്പിക്കുന്നു.

**നല്ല രാജാവ്**

കഥയിലെ മേഘദത്തന്റെ തീരുമാനങ്ങളും പ്രവർത്തനങ്ങളും പരിശോധിച്ചതിനുശേഷമാണല്ലോ കുട്ടികൾ രാജാവിനെക്കുറിച്ചുള്ള അഭിപ്രായം അവതരിപ്പിക്കേണ്ടത്. ഇതിനായി വ്യക്തിഗതമായി മേഘദത്തന്റെ തീരുമാനങ്ങളും പ്രവർത്തനങ്ങളും കുട്ടികൾ കുറിക്കട്ടെ. തുടർന്ന് ഗ്രൂപ്പിൽ അവതരിപ്പിക്കുകയും കൂട്ടിച്ചേർത്ത് മെച്ചപ്പെടുത്തുകയും ചെയ്യാം. ഗ്രൂപ്പിന്റെ കണ്ടെത്തലുകൾ ക്രോഡീകരിക്കാനായി താഴെക്കാണുന്ന തരത്തിലുള്ള ഒരു വർക്ക് ഷീറ്റ് നൽകാവുന്നതാണ്.

| മേഘദത്തൻ ഒരു നല്ല ഭരണാധികാരിയോ?<br>മേഘദത്തന്റെ തീരുമാനങ്ങളും പ്രവൃത്തികളും | |
|---|---|
| ശരിയായവ | തെറ്റായവ |
| | |
| അഭിപ്രായം: | |

**മേഘത്തിന്റെ തീരുമാനങ്ങളും പ്രവൃത്തികളും**

- വറ്റാത്ത കിണർ കണ്ടെത്തിയ സ്ഥലം നേരിൽ കാണാൻ തീരുമാനിക്കുകയും അങ്ങോട്ട് പോകുകയും ചെയ്തു.
- ഇത്തിരി വെള്ളത്തിനായി തിരക്കുക്കൂട്ടുന്ന ജനങ്ങളെ പടയാളികൾ തള്ളിമാറ്റുമ്പോൾ അതു വിലക്കുകയും ജനങ്ങൾക്ക് വെള്ളം നൽകാൻ നിർദ്ദേശിക്കുകയും ചെയ്തു.
- നാടിനെ ബാധിച്ച വരൾച്ചയ്ക്ക് പരിഹാരം കാണുന്നതിനായി രാജഗുരുവിനെ ചെന്നു കണ്ടു.
- തെറ്റുപറ്റിയത് മനസ്സിലായപ്പോൾ അതിന് പ്രായശ്ചിത്തം ചെയ്യാൻ തീരുമാനിച്ചു.
- നൃത്തമണ്ഡപം നിർമിക്കുന്നതിനായി രാജ്യത്തെ ഏറ്റവും പ്രായമുള്ള ആൽമരം മുറിച്ചു മാറ്റാൻ കല്പിച്ചു.
- വരൾച്ച വരുന്നത് മുൻകൂട്ടി കണ്ടെത്താൻ കഴിഞ്ഞില്ല.

ഗ്രൂപ്പുകൾ തങ്ങളുടെ അഭിപ്രായം പൊതുവായി അവതരിപ്പിക്കുന്നു. ആവശ്യമായ കാര്യങ്ങൾ കൂട്ടിച്ചേർക്കുകയും ക്രോഡീകരിക്കുകയും ചെയ്യാം.

**സൂചനകളിൽ നിന്ന് വായന**

ഓരോ ഗ്രൂപ്പും താഴെപ്പറയുന്ന വിവിധ സൂചനകൾ നറുക്കു വീഴുന്നതിനനുസരിച്ച് ആ ഭാഗം തെരഞ്ഞെടുത്ത് വായിച്ചവതരിപ്പിക്കുന്നു. (ശ്രാവ്യവായന)

സൂചനകൾ

- മേഘപുത്രത്തിലെ സമൃദ്ധിയുടെ വർണന.
- സൈന്യാധിപന്റെ സംസാരം.
- ജലത്തിനുവേണ്ടിയുള്ള ഇരമ്പൽ
- ഗുരുവും രാജാവും തമ്മിലുള്ള സംഭാഷണം.
- ചെയ്തുപോയ തെറ്റിനുള്ള പരിഹാരം

ഓരോ ഗ്രൂപ്പിന്റെയും ശ്രാവ്യവായനയെക്കുറിച്ച് മറ്റുഗ്രൂപ്പുകൾ അഭിപ്രായം പറയട്ടെ.

ചർച്ചാ ചോദ്യങ്ങളെ തുടർന്ന് ഒന്നുകൂടി ഗ്രൂപ്പുകൾ തുടർവായന നടത്തട്ടെ.

**ചർച്ചാ ചോദ്യങ്ങൾ**

- സൈന്യാധിപന്റെ സംസാരം വായിക്കുന്നതുപോലെയാണോ വരൾച്ചയെക്കുറിച്ചുള്ള ഭാഗം വായിക്കേണ്ടത്?
- രാജാവും രാജഗുരുവും തമ്മിലുള്ള സംഭാഷണം വായിച്ചതിൽ കഥാപാത്രങ്ങളുടെ പ്രത്യേകതയനുസരിച്ച് ശബ്ദത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ?
- മേഘപുത്രത്തിന്റെ സമൃദ്ധി വർണിക്കുന്ന ഭാഗവും ജലത്തിനുവേണ്ടിയുള്ള ഇരമ്പൽ എന്ന ഭാഗവും ഒരേ ഭാവത്തോടെയാണോ വായിക്കേണ്ടത്?

**ആശയങ്ങൾ തമ്മിലുള്ള ബന്ധം**

കഥ നമ്മൾ നന്നായി വായിച്ചു. ഇതു നൽകുന്ന സന്ദേശം/ആശയം അടങ്ങിയ മറ്റു കവിതകളോ കഥകളോ നിങ്ങൾ വായിച്ചിട്ടുണ്ടോ? കുട്ടികൾ സ്വതന്ത്രമായി പ്രതികരിക്കട്ടെ. പാഠപുസ്തകത്തിലെ കവിതാഭാഗത്തിലേക്ക് ശ്രദ്ധ ക്ഷണിക്കാം.

“ഒരു തൈ നടുന്നു നാം....വിളിച്ചുണർത്താം” (ടി.ബി - പേജ് 27) ചൊല്ലി നോക്കട്ടെ.

പൊതു ചർച്ചയിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നതിനായി കവിതാഭാഗം ചാർട്ടിലെഴുതി/ബോർഡിൽ) അവതരിപ്പിക്കാവുന്നതാണ്. മയങ്ങുന്ന പുഴകൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്? ഒടുക്കത്തെ ഉറവ എന്ന കഥയുമായി ഈ വരികൾ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?

കുട്ടികൾ തങ്ങളുടെ അഭിപ്രായങ്ങൾ പറയട്ടെ ചർച്ച ഫലപ്രദമാക്കുന്നതിന് അനുയോജ്യമായ ചോദ്യങ്ങൾ ഉയർത്തേണ്ടതുണ്ട്:

- വരികൾക്ക് കഥയുമായുള്ള ബന്ധമെന്ത്?
- ആരുടെ വിചാരമായിട്ടാണ് ഈ കവിത അനുഭവപ്പെടുന്നത്.
- വസന്തോത്സവം തീർക്കാൻ എന്ന പ്രയോഗത്തിനുള്ള ഭംഗിയെന്ത്?

ചർച്ചയിൽ ഉരുത്തിരിയുന്ന പ്രധാന ആശയങ്ങൾ ബോർഡിൽ രേഖപ്പെടുത്തണം. അവ ക്രോഡീകരിച്ച് പറയാൻ ചില കുട്ടികൾക്ക് അവസരം നൽകാം.

"ഒരു തൈ നടുന്നു നാം" എന്നു തുടങ്ങുന്ന കവിതാശകലവും ഒടുക്കത്തെ ഉറവ എന്ന കഥയും തമ്മിൽ വളരെയധികം ബന്ധപ്പെട്ടിരിക്കുന്നു. കഥയിൽ അന്നാട്ടിലെ പുഴകളും മറ്റു ജലാശങ്ങളുമൊക്കെ വറ്റി വരണ്ടിരിക്കുകയാണ്. മയങ്ങുന്ന പുഴകൾ എന്നു പറയുമ്പോൾ ഉഷാറില്ലാതെ, ക്ഷീണിച്ചു കിടക്കുന്ന പുഴയാണ് നമ്മുടെ മനസ്സിൽ വരുന്നത്. കവിതാശകലത്തെ ചെയ്തുപോയ തെറ്റിന് പരിഹാരമായി ആലിൻതൈ നടുന്ന രാജാവിന്റെയും നാട്ടുകാരുടേയും വിചാരങ്ങളായി കണക്കാക്കാം. മരം വലുതാവുന്നതോടെ നാടിന്റെ വരൾച്ചയും ക്ഷീണവുമൊക്കെമാറി നല്ലകാലം വരുമെന്ന പ്രതീക്ഷയാണ് കവിതയിലുള്ളത്. അപ്പോൾ മേഘമാലാ നദിയിലേക്ക് ഒരു കുഞ്ഞുറവ പുറപ്പെട്ടു എന്ന കഥയിലെ അവസാന വാക്യം ഇതിന്റെ സൂചനയായി നമുക്ക് കണക്കാക്കാം.

### മൊഡ്യൂൾ രണ്ട്

ആശയം :
- ജലക്ഷാമം മൂലം ദുരിതമനുഭവിക്കുന്ന ജനങ്ങൾ നമുക്കിടയിലുണ്ട്.
- നടന്ന സംഭവങ്ങളെ വായനാ താല്പര്യം ഉണർത്തുന്ന വിധത്തിലുള്ള ശീർഷകം സ്ഥലകാല സൂചനകൾ, മറ്റുവിശദാംശങ്ങൾ എന്നിവ ഉൾപ്പെടുത്തി ലളിതമായ ഭാഷയിൽ എഴുതുമ്പോഴാണ് നല്ലൊരു വാർത്ത ഉണ്ടാകുന്നത്.
- കഥയെ നാടകമാക്കുമ്പോൾ സംഭവങ്ങൾ നടക്കുന്ന രംഗങ്ങൾ തയാറാക്കൽ, കഥാപാത്രങ്ങളുടെ സ്വഭാവത്തിനുയോജിച്ച സംഭാഷണങ്ങൾ എന്നിവയിൽ ശ്രദ്ധിക്കേണ്ടതുണ്ട്.

കരുതേണ്ട സാമഗ്രികൾ:
- പത്രവാർത്തകൾ
- അശ്വിനിയുടെ ഡയറിക്കുറിപ്പ്
- വാർത്ത - ടീച്ചർ വേർഷൻ

പ്രതീക്ഷിത സമയം :
- 5 മണിക്കൂർ.

---

**വാർത്താ പ്രദർശനം**

വൈവിധ്യമാർന്ന ശീർഷകങ്ങളുള്ള പത്രവാർത്തകൾ ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു. എല്ലാ കുട്ടികളും സ്വതന്ത്രമായി ഇഷ്ടമുള്ള ഒരു വാർത്ത എടുത്തു വായിക്കട്ടെ. അവർ ആദ്യമായി വായിക്കാനെടുത്ത സാമഗ്രിയെ കുറിച്ച് ഒരു ലഘുചർച്ചനടത്തുന്നു.

- ഓരോരുത്തരും എടുത്ത വാർത്ത ഏതെല്ലാമാണ്?
- ഇത്രയും വാർത്തകൾ പ്രദർശിപ്പിച്ചവയിൽ നിന്ന് ഒന്നു നിങ്ങൾ തെരഞ്ഞെടുക്കുമ്പോൾ ആദ്യം നിങ്ങളുടെ വായനപോകുന്നത് വാർത്തയുടെ തലക്കെട്ടായിരിക്കുമല്ലോ. എന്തുകൊണ്ടാണ് നിങ്ങൾ അത് ആദ്യം വായിക്കാനെടുത്തത്?
- എല്ലാവരും വായിക്കാനെടുത്തത് ഒരേ വാർത്തയാണോ?
- ഒരു വാർത്തയുടെ തലക്കെട്ടിന് പെട്ടെന്ന് വായനക്കാരനെ അതിലേക്കു ആകർഷിക്കുവാൻ കഴിയുമോ?
- തലവാചകത്തിനുപുറമേ മറ്റെന്തെല്ലാം പ്രത്യേകതകളാണ് ആദ്യ വാർത്ത തെരഞ്ഞെടുക്കുന്നതിന് നിങ്ങളെ പ്രേരിപ്പിച്ചത്?
  - മേഖല (കായികം, കുട്ടികളുടെ പേജ് മുതലായവ)
  - ഉള്ളടക്കം

- ഏതു മേഖലയെടുത്താലും അതിൽ ആദ്യമായി വായിക്കുന്നത് എന്തിനെ അടിസ്ഥാനപ്പെടുത്തി യായിരിക്കും?

തലക്കെട്ടുനോക്കി വായന തെരഞ്ഞെടു ക്കുന്നത് ഒരു പ്രത്യേകതയാണ്.

**വാർത്താവിശകലനം**

ഓരോരുത്തരും എടുത്ത വാർത്തയിലെ തലവാചകം, സ്ഥലം, സംഭവങ്ങൾ, എപ്പോൾ ഉണ്ടായി എന്നിവ വ്യക്തിഗതമായികണ്ടെത്തട്ടെ. ഇവ കണ്ടെത്തുന്നതിനാവശ്യമായ ചർച്ചാചോദ്യങ്ങൾ ഉന്നയിക്കേണ്ടിവരും.

- നിങ്ങൾ തെരഞ്ഞെടുത്ത വാർത്ത എവിടെ നടന്ന സംഭവമാണ്?
- ആ സ്ഥലം വാർത്തയിൽ ഏതു ഭാഗത്താണ് ചേർത്തിട്ടുള്ളത്?
- സംഭവം നടന്ന സന്ദർഭം എപ്പോഴാണ്?
- എന്തെല്ലാം പ്രധാന സംഭവങ്ങൾ അതിലുണ്ട്?
- ഇവയിൽ ആദ്യം പറഞ്ഞിരിക്കുന്നത് ഏതു സംഭവമാണ്? പിന്നെയോ?
- എടുത്ത വാർത്തയിൽ എത്ര ഖണ്ഡികയുണ്ട്?
- അത്രയും ഖണ്ഡിക തിരിച്ചത് എന്തിനെ അടിസ്ഥാനപ്പെടുത്തിയായിരിക്കും?
- കഥപറയുന്ന വാക്യങ്ങൾ സംഭാഷണ വാക്യങ്ങൾ എന്നിവയിൽ നിന്ന് ഈ വാർത്തയിലെ വാക്യങ്ങൾക്ക് എന്തെങ്കിലും വ്യത്യാസങ്ങളുണ്ടോ? (ഒരു വാക്യം എടുത്തുപറയാൻ പറയു ന്നു.) അത് ബി.ബി യിൽ എഴുതുന്നു തുടർന്ന് അതിന്റെ പ്രത്യേകത അപഗ്രഥിക്കാം.

ഉദാ: "പഴയ ബസ് സർവീസുകൾ പുനരാരംഭിക്കണമെന്നും കിഴക്കേക്കോട്ടയിൽ നിന്ന് ബാലരാ മപുരം വഴി നെല്ലിമൂടിലേക്ക് ഒരു സിറ്റി ബസ്സ് സർവീസ് തുടങ്ങണമെന്നും അദ്ദേഹം ആവ ശ്യപ്പെട്ടു"

- ഈ കാര്യം ആവശ്യപ്പെട്ടയാൾ പറയുമ്പോൾ എങ്ങനെയായിരിക്കും?
- അയാൾ ആവശ്യപ്പെട്ടത് മറ്റുള്ളവരെ അറിയിക്കാനായി എഴുതി വിവരിക്കുമ്പോൾ എന്തുമാ റ്റമാണ് വന്നിരിക്കുന്നത്?

  ഇതുപോലെ വിവിധ വാർത്തയിലെ വാക്യങ്ങൾ പരിശോധിച്ചാൽ എന്തെല്ലാം പ്രത്യേകത കൾ കണ്ടെത്താനാകും?

  ക്ലാസ്സിൽ പൊതുചർച്ച നടത്തുന്നു.

**വാർത്ത ക്രമീകരിക്കാം/അവതരിപ്പിക്കാം**

ഒരു വാർത്തയിലെ സംഭവങ്ങൾ ക്രമം തെറ്റിച്ച് ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു. ഇത് ഒരു പ്രാദേശിക ചാനലിൽ റിപ്പോർട്ട് ചെയ്ത ഒരു വാർത്തയുടെ വ്യത്യസ്ത വാക്യങ്ങളാണ്. നിങ്ങളാണെങ്കിൽ ഇതെങ്ങനെയാണ് വായിച്ചവതരിപ്പിക്കാൻ ക്രമീകരിക്കുക?

- അടുക്കളയിൽ ജോലി ചെയ്യുകയായിരുന്ന ഇവരുടെ ഉടുവസ്ത്രം ഭാഗികമായി കത്തി നശിച്ചു. കാഞ്ഞങ്ങാട് തേജസ്വിനി ആശുപത്രിയിൽ ചികിത്സയിലാണ്.
- മിന്നലിൽ അഞ്ചുപേർക്ക് പരുക്ക്, വ്യാപക നാശം.
- അടിവാരത്തെ വി.എം. ബാലന്റെ വീട് മിന്നലിൽ ഭാഗികമായി തകർന്നു.
- ഇന്നലെ വൈകിട്ടുണ്ടായ മിന്നലിൽ കണിമംഗലം മരങ്ങാട് വീട്ടിൽ യശോദയ്ക്ക് (70) ഗുരുതരമായി പരിക്കേറ്റു.
- ബാലന്റെ അമ്മ കാർത്ത്യാനി, ഭാര്യ രമണി മക്കളായ ദീപേഷ്, രമ്യ എന്നിവർക്കും പരുക്കേറ്റു. ഇവർ സ്വകാര്യ ആശുപത്രിയിൽ ചികിത്സതേടി.

- ഈ വാർത്ത ചാനലിൽ/പത്രത്തിൽ അവതരിപ്പിക്കുമ്പോൾ പ്രധാനവാർത്തയായി/ശീർഷകമായി എന്താണു പറയുക?

വാക്യങ്ങളെ ക്രമപ്പെടുത്തി കുട്ടികൾ വാർത്ത വായിച്ച് അവതരിപ്പിക്കട്ടെ. നാലോ അഞ്ചോ കുട്ടികളുടെ റാൻഡം അവതരണത്തിനുശേഷം ക്ലാസിൽ പൊതുവായി ചർച്ച ചെയ്ത് വാർത്ത ക്രമപ്പെടുത്താം.

**വാർത്ത തയാറാക്കാം**

മേഘപുത്രം രാജ്യത്ത് ഉണ്ടായ പ്രധാന സംഭവങ്ങൾ ചർച്ചയിലൂടെ ലിസ്റ്റ് ചെയ്യുന്നു.

- ജലസ്രോതസ്സുകൾ വറ്റിവരണ്ടുപോയി
- രാജ്യത്ത് വറ്റാത്ത ഒരു കിണർ കണ്ടെത്തി
- രാജാവ് ഗുരുവിനെ സന്ദർശിച്ചു.
- ചെയ്തുപോയ തെറ്റിന് പരിഹാരം ചെയ്തു (വനവൽക്കരണം)

മേഘപുത്രത്തിലെ പത്രപ്രവർത്തകന്മാർക്ക് നാട്ടിലെ ഈ സംഭവങ്ങൾ രാജ്യം മുഴുവൻ അറിയിക്കേണ്ടിവരുമെന്നു വിചാരിക്കുക. അവർ എങ്ങനെയായിരിക്കും. ഇത് റിപ്പോർട്ട് ചെയ്യുന്നത്?

- ഓരോ സംഭവവും വ്യത്യസ്ത സമയങ്ങളിൽ/ ദിവസങ്ങളിൽ ഉണ്ടായതാകുമല്ലോ
- അങ്ങനെയെങ്കിൽ ഈ സംഭവങ്ങളെ 4 ഗ്രൂപ്പുകളായി ചേർന്ന് ഓരോന്നു തെരഞ്ഞെടുത്ത് വാർത്തയാക്കാം.

ഓരോ ഗ്രൂപ്പിനും ഓരോന്ന് വീതിച്ചു നല്കുന്നു. ഗ്രൂപ്പ് തെരഞ്ഞെടുത്ത മേഖലയെ ആസ്പദമാക്കി വ്യക്തിഗതമായി ഓരോഗ്രൂപ്പിലെയും അംഗങ്ങൾ വാർത്ത തയാറാക്കുന്നു. തുടർന്ന് ഗ്രൂപ്പിൽ അവതരിപ്പിച്ച് ഗ്രൂപ്പിന്റേതായ വാർത്ത രൂപപ്പെടുത്തുന്നു. ആ വാർത്തയ്ക്ക് ആവശ്യമെങ്കിൽ ചിത്രവും വരച്ച് ചേർത്ത് അടിക്കുറിപ്പെഴുതണം. തുടർന്ന് ക്ലാസ്സിൽ പൊതുവായി അവതരിപ്പിക്കുന്നു. ടീച്ചർവേർഷനും അവതരിപ്പിച്ച ശേഷം ഒരു ഗ്രൂപ്പിന്റെ വാർത്ത ചാർട്ടിലെഴുതി ക്ലാസ്സിൽ പൊതുവായി പ്രദർശിപ്പിച്ച് ചർച്ചയിലൂടെ എഡിറ്റ് ചെയ്യുന്നു (ആശയപരം, വാക്യപരം, പദപരം, അക്ഷരപരം, ഖണ്ഡികാപരം) ഈ ക്ലാസ്സ് തല എഡിറ്റിംഗ് പ്രക്രിയയിൽ നിന്ന് ഉൾക്കൊണ്ട കാര്യങ്ങൾ വച്ച് ഓരോ ഗ്രൂപ്പും വാർത്ത മെച്ചപ്പെടുത്തി എഴുതേണ്ടതുണ്ട്. ക്ലാസ്സിൽ ഓരോ ഗ്രൂപ്പിന്റെയും വാർത്തകൾ ചേർത്ത് വാർത്താപത്രിക തയാറാക്കി പ്രദർശിപ്പിക്കുകയും ചെയ്യാമല്ലോ.

**നാടകമാക്കാം**

മേഘദത്തൻ രാജാവിന്റെ ഹൃദയസ്പർശിയായ കഥവായിച്ചുവല്ലോ. രാജാവ്, രാജഗുരു, സേവകർ, പ്രജകൾ.... തുടങ്ങിയ കഥാപാത്രങ്ങളുള്ള ഈ കഥയിൽ രസകരമായ ഒട്ടേറെ നാടകീയ സന്ദർഭങ്ങളുണ്ട്. കുട്ടികൾ ഗ്രൂപ്പുകളായി തിരിഞ്ഞ് നൽകിയിരിക്കുന്ന സംഭാഷണ ഭാഗം വായിച്ചു നോക്കട്ടെ. (റ്റി.ബി പേജ് 27,28)

- കഥാഭാഗവും സംഭാഷണ ഭാഗവും തമ്മിൽ ഭാഷാപ്രയോഗത്തിലും അവതരണത്തിലും എന്തെല്ലാം മാറ്റങ്ങളാണ് ഉള്ളത്?
- ഈ കഥയിലെ കഥാപാത്രങ്ങൾ ആരെല്ലാമാണ്?
- കഥാസന്ദർഭത്തിനുപുറമെ മറ്റെന്തെല്ലാം വിശദാംശങ്ങളാണ് സംഭാഷണ ഭാഗത്തിൽ ചേർത്തിരിക്കുന്നത്.

നേരിട്ടുള്ള സംഭാഷണരീതിയാണ് നാടകത്തിൽ സ്വീകരിക്കുന്നതെങ്കിൽ കഥയിൽ മറ്റൊരാൾ പറയുന്ന രീതിയിലാണ് അവതരിപ്പിക്കുന്നത്.

നാടകത്തിൽ കഥാപാത്രങ്ങളുടെ മനോനില, സ്വഭാവം, സ്ഥലകാലം..... തുടങ്ങിയവ പ്രത്യേകം ബ്രാക്കറ്റിൽ രേഖപ്പെടുത്തുമ്പോൾ കഥയിൽ സംഭവങ്ങളുടെ ഭാഗമായാണ് അവതരിപ്പിക്കുന്നത്.

നാടകത്തിൽ സംഭവങ്ങൾക്കും അതു നടക്കുന്ന സ്ഥലത്തിനുമനുസരിച്ച് പ്രത്യേകം രംഗങ്ങളുണ്ടാകും.

തുടർന്നുള്ള കഥാഭാഗം വായിക്കുന്നു. പ്രധാന കഥാസന്ദർഭങ്ങളും കഥാപാത്രങ്ങളെയും കണ്ടെത്തുന്നു.

മികച്ച സംഭാഷണത്തിന്റെ സവിശേഷതകൾ ചർച്ചയിലൂടെ കണ്ടെത്തുന്നു.

- കഥാപാത്രത്തിന്റെ സ്വഭാവത്തിന് അനുയോജ്യമായ സംഭാഷണം.
- സംഭാഷണത്തിന്റെ തുടർച്ച
- ആശയവ്യക്തത.

കഥാസന്ദർങ്ങൾക്കും കഥാപാത്രങ്ങൾക്കും അനുയോജ്യമായ സംഭാഷണങ്ങൾ വ്യക്തിഗതമായി എഴുതി ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ഗ്രൂപ്പിന്റേതായ നാടകം രൂപപ്പെടുത്തുന്നു. അവ പൊതുവായി അവതരിപ്പിക്കുന്നു. ഗ്രൂപ്പുകൾ സംഭാഷണത്തിന്റെയും മറ്റും മികവ് വിലയിരുത്തി മെച്ചപ്പെടുത്തുന്നു. മുന്നൊരുക്കം നടത്തി ബാലസഭയിൽ അവതരിപ്പിക്കുന്നു.

**അവിടെയും ഇവിടയും**

കഥയിലെ മേഘപുത്രവും കേരളവും തമ്മിൽ ജലലഭ്യതയുടെ കാര്യത്തിൽ സാമ്യമുണ്ട്. ഈ അഭിപ്രായത്തോട് യോജിപ്പുണ്ടോ. (റ്റി.ബി) കുറിപ്പ് തയ്യാറാക്കൂ...

ജലലഭ്യതയുടെ കാര്യത്തിൽ കേരളവുമായി മേഘപുത്രത്തിനുള്ള സാമ്യമെന്ത്?

വ്യക്തിഗതമായി കുട്ടികൾ എഴുതട്ടെ.

ഗ്രൂപ്പിൽ അവ അവതരിപ്പിച്ച് ക്രോഡീകരിക്കുന്നതിനിടയിൽ താഴെക്കൊടുത്ത അശ്വിനിയുടെ ഡയറിക്കുറിപ്പ് വായിക്കാനായി നൽകുന്നു.

23.03.2009

തിങ്കൾ

ഇന്നുച്ചയ്ക്ക് ദാഹിച്ചു കണ്ണുകാണാതായി. രാവിലെ അമ്മ എടുത്തുവച്ച കുപ്പിവെള്ളം ബാഗിൽ വയ്ക്കാൻ മറന്നുപോയി. ആബിദയാണെങ്കിൽ കൊണ്ടുവന്ന വെള്ളം നേരത്തേ കുടിച്ചു തീർത്തിരുന്നു. ഞാൻ സ്കൂൾ മുറ്റത്തേക്ക് ഓടി. ഒരിറ്റു വെള്ളത്തിനായി പൈപ്പിൻ ചുവട്ടിൽ ക്യൂ നിൽക്കുന്ന ഒരു പാടു പേരുണ്ട്. നേരെ കടയിലേക്കോടി നിരനിരയായി വച്ചിരിക്കുന്ന വെള്ളക്കുപ്പികൾ കണ്ടപ്പോൾ സന്തോഷമായി. ദീപുവും ഷാമിനയുമൊക്കെ അവിടെ നിന്ന് വെള്ളം വാങ്ങിക്കുടിക്കുന്നു. കൊതിയോടെ ഞാനും കടക്കാരനോട് ചോദിച്ചു. 12 രൂപ 50 പൈസ വേണം. എന്റെ കൈയിൽ പൈസ അത്രയ്ക്കൊന്നുമില്ലായിരുന്നു. സങ്കടത്തോടെ തിരിഞ്ഞു നടന്ന് ക്ലാസ്സിൽപോയി ഡസ്കിൽ തലകുനിച്ചിരുന്നു. ഞാൻ ആലോചിച്ചു. "ആകാശത്തുനിന്ന് പെയ്തിറങ്ങുന്ന വെള്ളത്തിന് ആരാണിങ്ങനെ വിലയിട്ടത്?"

-അശ്വിനി

ഡയറി വായനക്കുശേഷം പുതിയ ആശയങ്ങൾ ചേർത്ത് കുറിപ്പ് വികസിപ്പിക്കുന്നു.

കുറിപ്പ് കൈമാറി വായിക്കുകയും മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ടീച്ചർ തയ്യാറാക്കിയ കുറിപ്പ് അവതരിപ്പിക്കുന്നു. കുട്ടികൾ സ്വന്തം രചനയുമായി താരതമ്യം ചെയ്യുന്നു.

**റഫറൻസ് സാമഗ്രികൾ**

- കാവുതീണ്ടല്ലേ (ലേഖനസമാഹാരം) - സുഗതകുമാരി
- ഉത്തരകേരളത്തിലെ വിശുദ്ധവനങ്ങൾ - ഇ. ഉണ്ണികൃഷ്ണൻ
- മഴപ്പുസ്തകം - ഡി.സി.ബുക്സ്
- ഇടനാടൻ ചെങ്കൽക്കുന്നുകൾ (സീക്ക് എടാട്ട്, പയ്യന്നൂർ)
- നിലവിളി (സി.ഡി) - കെ.എസ്.എസ്.പി
- മഴക്കാലം മഴയുടെ രസവും രഹസ്യങ്ങളും- ഡി.സി ബുക്സ്.
- മലയാളം മലയാളിയോളം - ഡോ.വി.ആർ പ്രബോധ ചന്ദ്രൻ
- മലയാളശൈലി നിഘണ്ടു- ടി.രാമലിംഗം പിള്ള
- ശൈലികൾ കുട്ടികൾക്ക് - ടി.രാമലിംഗം പിള്ള - ഡി.സി.ബുക്സ്
- പഴഞ്ചൊൽ പ്രപഞ്ചം - കുഞ്ഞുണ്ണി
- സാഹിത്യസാഹ്യം - എ.ആർ. രാജരാജവർമ്മ